CC-0. In Public Domain. Digitization by eGangotri

ശ്രീ മൂകാംബിക ദേവിയുടെ ക്ഷേത്രം.

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

അവതാരിക

മേപ്പത്തൂർ ശ്രീ. നാരായണ ഭട്ടതിരിയുടെ കൃതികളിൽ പ്രധാനമായ ഒന്നാണു് ശ്രീപാദസപ്തതി. ഇതിൽ എഴുപതു ശ്ലോകങ്ങളാണു് ഉള്ളതെന്നു പേരുകൊണ്ടുതന്നെ അറിയാമല്ലോ.

മൂകാംബികാദേവിയുടെ ശ്രീമത്പാദാരവിന്ദങ്ങളെ സ്തുതിക്കുകയാണു് ഈ ശ്ലോകങ്ങളംകൊണ്ടു് ചെയ്യുന്നതു്. അതിലാദ്യത്തെ ശ്ലോകംകൊണ്ടു് മൂകാംബികാക്ഷേത്രത്തിൽ സന്നിധാനംചെയ്യുന്ന തേജസ്സിന്റെ ധ്യാനമാണു്; മഹിഷമർദ്ദിനിയായിട്ടാണു് സങ്കല്പം.

ശ്രീഗുരുവായൂരപ്പന്റെ അരുളപ്പാടുപ്രകാരമാണു് മേപ്പത്തൂർ മൂകാംബികയെ ഭജിച്ചതും സ്തോത്രം നിർമ്മിച്ചതും എന്നാണു് ഐതിഹ്യം. അദ്ദേഹത്തിന്റെ സ്വർഗ്ഗാരോഹണവും ഈ ക്ഷേത്രസന്നിധിയിലാണെന്നാണു് വിശ്വസിച്ചുവരുന്നതു്.

ഈ സ്തോത്രത്തിനു ശ്രീ. കൊടുങ്ങല്ലൂർ കുഞ്ഞൻ രാജാവു് സംസ്കൃതത്തിൽ ഒരു വ്യാഖ്യാനം എഴുതീട്ടുണ്ടു്. അതു സുമാർ അമ്പതു കൊല്ലങ്ങൾക്കു മുമ്പു് തൃശ്ശൂർ മംഗളോദയം പ്രസ്സിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരുന്നു. അതിന്റെ കോപ്പി ഇപ്പോൾ കിട്ടുവാൻ പ്രയാസമായിരുക്കുന്നു. ദേവീഭക്തന്മാർ ആ പുസ്തകം അന്വേഷിച്ചു് നൈരാശ്യപ്പെടുകയാണു്.

ഈ സ്തോത്രവും വ്യാഖ്യാനവും സംസ്കൃത ഭാഷയിലായതിനാൽ സംസ്കൃതാനഭിജ്ഞന്മാരായ സാധാരണക്കാക്കുകൂടി ഉപയോഗപ്രദമാകുന്നതിനുവേണ്ടി, മൂലശ്ലോ

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

കവും അതിന്റെ സാരാംശവും മലയാള ലിപിയിൽ തെയ്യാറാക്കി പ്രസിദ്ധപ്പെടുത്തുകയാണു്. ഇങ്ങനെ പ്രസിദ്ധപ്പെടുത്തുന്നതിനു് ശ്രീ. കുത്തള്ളി കൃഷ്ണൻനമ്പൂതിരി ശ്രീഗുരുവായൂരപ്പൻ മാസികയിൽ തുടച്ചയായി പ്രസിദ്ധീകരിച്ചിരുന്നതിനെയാണു് അവലംബമാക്കീട്ടുള്ളതു്.

ശ്രീ. ഭട്ടതിരിയുടെ മൂലകൃതിക്കു ശ്രീ. കുത്തള്ളി കൃഷ്ണൻ നമ്പൂതിരി രചിച്ച വൃത്താനുവൃത്തത്തജ്ജമയോടുകൂടി പ്രസിദ്ധപ്പെടുത്താനാണു് ഉദ്ദേശിച്ചിരുന്നതു്. എന്നാൽ അനിയന്ത്രിതമായ ചില സാഹചര്യങ്ങളാൽ അതിനു സാധിയ്ക്കാതെ വന്നതാണു്. വിശദമായ വ്യാഖ്യാനത്തോടുകൂടി അടുത്തുതന്നെ മറെറാരു പതിപ്പിനു സാധിയ്ക്കുമെന്നാശിയ്ക്കുന്നു.

ഏതായാലും ലഘുസാരാംശത്തോടുകൂടിയ ഈ പതിപ്പു് ഭക്തന്മാക്കു് ഒരനുഗ്രഹം തന്നെയാണു്. ഓരോ കോപ്പി കൈവശംവെച്ചു നിത്യപാരായണം ചെയ്യുന്നതു സർവ്വോൽക്കർഷത്തിനു സഹായമാവുന്നതാണു്.

ഇഷ്ടം ലഭിക്കാതെയും അനിഷ്ടപരമ്പര അനുഭവിച്ചും ക്ലേശിക്കുന്നവരാണല്ലോ ജനങ്ങളിലധികവും. ക്ലേശപരിഹാരത്തിനു ഭഗവതീസേവയാണു് ഏറ്റവും നല്ലതെന്നു പ്രസിദ്ധവുമാണു്. ''ആപദി കിം കരണീയം? സ്മരണീയം ചരണയുഗളമംബായാഃ'' എന്നാണല്ലോ ആപ്ത വചനം. അംബാചരണസ്മരണത്തിനു് ഈ വിശിഷ്ട ഗ്രന്ഥം മാധ്യമമായി ഭവിക്കട്ടെ എന്നു മൂകാംബികാദേവിയോടു പ്രാർത്ഥിച്ചുകൊണ്ടു് ഈ പുസ്തകം സജ്ജന സമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ഏക്കര രാമൻനമ്പൂതിരി.

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

ഗ്ര ക്രീഷ്ട സ്ഥിഷ്ട ഉഗങ്ങാടുള്ള

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

ശ്രീപാദസപ്തതി

ദക്ഷാധഃകരപല്ലവേ ലസദസിം
ദക്ഷോർധ്വഗേ ശൂലിനീം
വാമോർധ്വ ഫലകോജ്വലാം കടിതട-
ന്യസ്താന്യഹസ്താംബുജാം
ശൂലാഗ്രാഹതകാസരാസുരശിരോ-
നിഷ്യാം പ്രഹൃഷ്യാം സുരൈർ-
ഈഷ്ടാമിഷ്ടഫലപ്രദാം ഭഗവതീം
മൂകതിസ്ഥലസ്ഥാം ഭജേ. 1

സാരം:—

വലതു ഭാഗത്തു മുപട്ടിലെ കൈത്തളിരിൽ പള്ളിവാളും വിളങ്ങിയും മുകളിലേതിൽ ശൂലത്തോട്ടുകൂടിയും ഇടത്തു മുകളിലേതിൽ പരിച മിന്നിയും അരക്കെട്ടിൽ കുത്തിയ മറെറ കൈത്താരോട്ടുകൂടിയും ശൂലമുനകൊണ്ടു കുത്തിപ്പിളർന്ന മഹിഷാസുരമസ്തകത്തിൽ സ്ഥിതിചെയ്ത സുമുഖിയായി ദേവന്മാരാൽ വന്ദിതയായി ഭക്തന്മാക്കിഷ്ടപ്പെട്ടതെന്തും കൊടുത്തുകൊണ്ടു മൂകതിസ്ഥലത്തിൽ (മൂക്കോലക്കാവിൽ) വാഴുന്ന ഭഗവതിയെ ഭജിക്കുന്നു.

യൽ സംവാഹനലോഭിനശ്ശശികലാ-
ചൂഡസ്യ ഹസ്താംബുജ-
സ്പർശാപി ച ലോഹിതായതി മുഹു-
സ്ത്വൽപാപേക്ഷരഹം
തേതൈവാദ്യതകാസരാസുരശിര-
ശ്ശൂംഗാഗ്രസഞ്ചൂർണ്ണന-
പ്രാചണ്ഡ്യം തദനുഷ്ഠിതം കില കഥം
മൂകതിസ്ഥലസ്ഥേ ശിവേ. 2

സാരം:—

യാതൊന്നു തലോടുവാൻ മോഹിക്കുന്ന ചന്ദ്രശേഖരസ്വാമിയുടെ താമരപ്പൂപോലുള്ള തൃക്കയ്യിന്റെ മുട്ടുസ്പർശാൽപോലും

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

വീണ്ടും ഉടപ്പാളന്നതാണല്ലോ ഭവതിയുടെ തൃപ്പാദപദ്മം; ഇ
പാദപദ്മംകൊണ്ടതന്നെ ഗർവ്വിഷ്ഠനായ മഹിഷാസുരന്റെ വാ
ക്കല്ലിനൊത്ത തലയോട് തച്ചുടയ്ക്കാനുള്ള കരുത്തുണ്ടായി എന്ന്
സുപ്രസിദ്ധാണല്ലോ. അല്ലയോ മഹതിസ്ഥലേശ്വരിയായ ശ്രീപ
ർവ്വതീദേവീ, അതെങ്ങനെ സംഭവിച്ചു?

തൽപാദം നിജമസ്തകേ വഹതയിതും
കേ കേ ന ലോകേ ജനാഃ
കിം കിം നാരചയന്തി ദുശ്ചരതപ-
ശ്ചര്യാസപര്യാദികം
മന്യേ ധന്യതമാസ്തു ദേവി മഹിഷം
വൈരസ്ഥയൈവ ത്വയാ
യന്മൂർധ്നി സ്വയമേവ പാതകഹരം
പാദാംബുജം പാതിതം. 3

സാരം:—

അല്ലയോ ഭഗവതി, ഭവതിയുടെ തൃക്കാൽ തങ്ങളുടെ ശി
സ്സിൽ വെയ്ക്കുവാൻവേണ്ടി ഈ ലോകത്തു് ഏതേതു ജനങ്ങളെല്ലാ
മാണു് അസാദ്ധ്യമായ തപസ്സു്, പൂജാവിധി മുതലായി എന്തെ
ല്ലാമോ ചെയ്യാതിരിക്കുന്നതു്? എന്നാൽ ഞാൻ വിചാരിക്കുന്നു
മഹിഷാസുരനെ ഏറ്റവും ഭാഗ്യവാനായി; അവന്റെ ശിരസ്സി
ലാണല്ലോ വൈരത്തോടുകൂടിയാണെങ്കിലും ഭഗവതിയാൽ അനവ
രേക്ഷകൂടാതെതന്നെ സർവ്വപാപഹരമായ തൃക്കാൽത്താരു് വ
പ്പിച്ചതു്.

തൽപാദാംബുജമർപ്പിതം കഥ നു ശിവേ
കിന്നു ത്രയീമസ്തകേ
നിത്യം തത്ത്വവിചാരതത്തമനസാം
ചിത്താംബുജാഗ്രേ വാ
കിം വാ തൽപ്രണയപ്രകോപവിനമ-
ന്നാരാരിമൌലിസ്ഥലേ
കിം പ്രോൽഖണ്ഡിതഘോരസൈരിഭമഹാ-
ഖേടസ്യോർദ്ധ്വമൂർധ്വാനമേ. 4

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

സാരം:—

ഹേ ശിവപത്നി, അവിടത്തെ തൃക്കാൽത്താരു് ചെച്ചിരിക്കു
ന്നതു് എവിടെയാണു്; വേദോപനിഷത്തുക്കളുടെ തലപ്പത്താണോ;
അതോ, എപ്പോഴും തത്ത്വനേഷണത്തുകളിൽ മനസ്സുന്നിയവരുടെ
ഉൾപ്പൂമനകളിലാണോ; അഥവാ, അവിടത്തെ പ്രണയകലഹ
ത്തിൽ താണക്കുപ്പുന്ന കാമാന്തകന്റെ തിരുമുടിയിലാണോ; (അതൊ
ന്നുമല്ലെങ്കിൽ) ശൂലംകൊണ്ടു കുത്തിത്തുളച്ച ഭയങ്കരനായ മഹിഷാ
സുരത്തലവന്റെ മസ്തകമദ്ധ്യത്തിൽതന്നെയാണോ? ഏതായാലും
എല്ലാറ്റിനും മുകളിലാണതു് സ്ഥിതിചെയ്യുന്നതെന്നു തീച്ചു.

തവ പാദാംബുജനഖകല്പലതികാ—
ബാലപ്രവാളദ്വയം
യേ താവൽ കലയന്തി ജാതു ശിരസാ
നമ്രേണ കമ്രോജ്ജ്വലം
തേഷാമേവ ഹി ദേവി നന്ദനവന—
ക്രീഡാസു ലഭ്യം പുനഃ
സാവ്വല്ലീതരുണപ്രവാളതരുണം
സേവാനുരൂപം ഫലം. 5

സാരം:—

ഹേ ദേവവന്ദ്യേ, മനോഹരവും പ്രകാശമാനവുമായ അവിടു
ത്തെ തൃക്കാൽത്തുമ്പാകുന്ന കല്പകവല്ലിയുടെ ഇളംതളിരിണയെ ആരെ
ങ്കിലുമാണാ ശിരസ്സുകൊണ്ടു തലതാഴ്ത്തിക്കുമ്പിട്ടു ഭജിക്കുന്നതു്, അവ
ർക്കൊക്കെത്തന്നെയാണപ്പോ പിന്നീടു് നന്ദനോദ്യാനത്തിൽ കേളി
യാടുമ്പോൾ കല്പകവല്ലിയുടെ ഇളംതളിരിണയിൽ തരപ്പെടുന്നതു്:
ഏതു രൂപത്തിൽ ഈശ്വരസേവ ചെയ്യുന്നുവോ അതേ രൂപത്തിൽ
തന്നെ ഫലവും സിദ്ധിയ്ക്കും.

ധാവല്യം പരിലാളയത്തി പുരഭിത്തോ—
രംഗേന ഭംഗശ്രിയാ
കിഞ്ച ശ്യാമളിമാപി കോമളതരേ
ഭാത്യേവ ഗാത്രേ ഹരേഃ

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

തത്താവകപദവീം മമാപി ജനയേ-
ത്യസ്മോകസേവാരസാ-
ദാരണ്യം തവ ലീയതേ ചരണയോഃ
കാരണ്യമുദ്രത്ത ശിവേ, 6

സാരം: —

ഒരാമയിയായ ഹേ ശിവപത്നി, വെളുപ്പുനിറം ത്രിപുരാന്തകന്റെ ശോഭയേറ്റുന്ന ശരീരത്താൽ പവിലാളിക്കപ്പെട്ടതും; അല്ലയോ ലോകത്തമ്മേ കറുപ്പുനിറവും മഹാവിഷ്ണുവിന്റെ മനോഹരമായ ദേഹത്തിൽ മിന്നിത്തിളങ്ങുകതന്നെയാണു്. അപ്രകാരമുള്ള ഒരവസ്ഥ എനിക്കും നല്ല എന്നും കെഞ്ചി അത്യന്തം ആശ്രയിച്ച സേവയിൽ മുഴുകിക്കൊണ്ടു് ചുവപ്പുനിറം ഇതാ അവിടത്തെ തൃക്കാല്ക്കളിൽ ഒട്ടിപ്പിടിച്ചു നില്ക്കുന്നു.

ആരണ്യം യദിദം തവീയപദയോ-
രാഭാതി തവ് കേചന
പ്രാഹുസ്തംഗനിതംബഭാരഭരണ-
ക്ലാന്ത്യാ കിലാപാഗതം
അന്യേ മാഹിഷമൂർധപേഷമിളിതം
രക്തത്വം മനവതേ
മന്യേഹന്ത നഃതഷ്ട സാന്ദ്രമനുരാ-
ഗോദ്ഗാരമേവാനയോഃ 7

സാരം:—

അവിടത്തെ തൃക്കാല്ക്കളിൽ കാണുന്ന ചുവപ്പു നിറമുണ്ടല്ലോ ചിലർ പ്രകാശിക്കുന്നു; അല്ല ചിലർ പറയുന്നു:— ഭാരമേറിയ അരക്കെട്ടു താങ്ങുന്നതിനിടയിൽ ആയാസംകൊണ്ടു് ഉണ്ടായതാവാം എന്നു്; മറ്റു ചിലരാണെങ്കിൽ, മഹിഷാസുരന്റെ മസ്തകം തച്ചുടച്ചപ്പോൾ പറ്റിപ്പിടിച്ച ചോരച്ചുവപ്പാണെന്നു കരുതുന്നു; എന്നാൽ ഞാനോ കരുതുന്നു, ആശ്രിതന്മാരിൽ ഈ തൃപ്പാദങ്ങൾക്കുള്ള ഉറച്ച സ്നേഹത്തിന്റെ ഉരകവിഞ്ഞൊഴുകലായിത്തന്നെ വിചാരിക്കുന്നു.

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

പ്രാഹുഃ പദ്മസമാശ്രയം ശതധൃതിം
തൽപാദപദ്മാശ്രയാ-
ന്തേ സ്വാത്പാദപദ്മവീക്ഷണവശാൽ
കൃത്സ്നോപി പദ്മേക്ഷണഃ
യത് പാദ്മാർച്ചനമാമനന്തി സുധിയോ
ഓരിദ്ധ്യവിദ്ധാവണം
മൂക്തിക്ഷേത്രഗതേ ഭവാനി തദപി
തൽപാദപദ്മാർച്ചനം. 8

സാരം:—

മൂക്തല (മുക്തിസ്ഥലം)ക്കാവിൽ വാഴുന്ന ഭഗവതി, അവിടത്തെ പാദപദ്മത്തെ ആശ്രയിക്കയാൽ ബ്രഹ്മാവിനെ പദ്മസമാശ്രയനെന്നു പറയുന്നു; അവിടത്തെ പാദപദ്മത്തെ സദാ ഉള്ളിൽ കണ്ടുകൊണ്ടിരിക്കയാൽ മഹാവിഷ്ണുവും പദ്മേക്ഷണനായി; സജ്ജനങ്ങൾ പദ്മാർച്ചനയെ (ശ്രീഭഗവതീസേവയെ) ഓരിദ്ധ്യമോചനകർമ്മമായി ഉപദേശിക്കുന്നു എന്നുള്ളതും അവിടത്തെ പാദപദ്മത്തെ അർച്ചിക്കൽതന്നെയാണു്.

പാദം തേ സരസീരുഹദ്യുതിമിമം
യത് സേവതേ പദ്മജർ-
ന്നാനം തൽ സ്വനിവാസപങ്കജവര-
ശ്രീവിഭ്രമാശങ്കയാ
ഗോവിന്ദോപി ച വാരിരാശിദുഹിതൃ-
വ്യാസാബ്ജബാധാഭിയാ
സതൈ്യസ്യാഗ്രകരോദ്ഗൃഹീതകമല-
ത്രാണാദിലാഷേണ വാ. 9

സാരം:—

ചെന്താമരപ്പൂക്കളെ തോല്പിക്കുന്ന അവിടത്തെ ഈ തൃക്കാൽ ബ്രഹ്മാവു് സേവിക്കുന്നതെന്തിനാണെന്നോ, തന്റെ ഇരിപ്പിടമായി പ്രസിദ്ധമായ താമരപ്പൂവിന്റെ ശോഭയെ തട്ടിമാറ്റുന്നതിൽ ആശങ്കിച്ചിട്ടാവുമാണെല്ലപ്പം; അതുപോലെ മഹാവിഷ്ണുവും

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

ശ്രീഭഗവതിയുടെ ഇരിപ്പിടമായ താമരപ്പൂവിനെ ബാധീക്കുന്നതു ഭയപ്പെട്ടിട്ടാവാം; അല്ലെങ്കിൽ തൻറെതന്നെ കൈത്തലത്തിൽ ഉയത്തിപ്പിടിച്ചിരിക്കുന്ന താമരപ്പൂവിനെ തോൽമയിൽനിന്നു രക്ഷിക്കുവാനുള്ള മോഹംകൊണ്ടോണെന്നും വരാം.

സേവന്തേ കുലസമ്പദേ നഖമയാ-
ശ്ശീതാംശവസ്ത്വൽപദം
തൽപാകേ നനു വീക്ഷ്യതേ ഹി സുതരാ-
മനേഷു ശീതാംശുഷു
ഏകോ ബാലക ഏവ മൗലിമയി തേ
യാതോ ലലാടാന്തരാ-
മന്യാ നിർമ്മലഗന്ധമണ്ഡലദശാ-
മന്യൗ ഭുജന്യൗ ഗതൗ. 10

സാരം:—

അല്ലയോ ദേവി, നഖപ്രഭയുള്ള ചന്ദ്രക്കലകൾ വംശവൃദ്ധിക്കായി അവിടുത്തെ തൃപ്പാദം സേവിച്ചുകൂടുകയാണു്; അതിൻറെ ഫലമല്ലേ മറ്റു ചന്ദ്രക്കലകളിലും ധാരാളമായി കാണപ്പെടുന്നതു്; ഒരാൾ ചെറുപ്പത്തിൽതന്നെ അവിടുത്തെ തിരുമുടിയിൽ കയറിക്കൂടി, മറ്റൊരാൾ തിരുനെറ്റിത്തടമായി ഭവിച്ചു, ഭാഗ്യം തികഞ്ഞ മറ്റു രണ്ടെണ്ണമാകട്ടെ തെളിവുറ്റ തൃക്കവിൾത്തടങ്ങളിലും പ്രാപിച്ചു.

ഘോരം പാദസഹസ്രകം പ്രകടയ-
ന്നാശാസു ഭാസാം പതിർ-
ധ്വാന്തം നോ പുനരാന്തരം ശമയിതും
ശക്നോതി ശൈലാത്മജേ
ത്വത്പാദദ്വിതയേന കോമളതരേ-
ണാനേന ചേതസ്പൃശാ
ജന്തൂനാം ബഹിരന്തരന്ധതമസം
കുന്തസ്യനന്തം ശിവേ. 11

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

സാരം: —

ഹേ ശിവപത്നിയായ പാർവ്വതീദേവി, ആദിത്യൻ പുലർകാലത്തിൽ കടിലും തന്റെ കഠോരമായ ആയിരം പാദങ്ങളും പുറത്തെടുത്തെറിഞ്ഞിട്ടും അകത്തെ ഇരുട്ട് (അജ്ഞാനം) കുറയ്ക്കാൻ ആളാകുന്നില്ല; അവിടത്തെ ഈ തുപ്പാദങ്ങളാകട്ടെ രണ്ടെണ്ണംകൊണ്ടുതന്നെ അതിമൃദുലമായിട്ടും ഉള്ളിൽ തട്ടുന്നതിനാൽ (ഹൃദയഹാരിയായതിനാൽ) സകലജീവജാലങ്ങളുടെയും അകത്തും പുറത്തുമുള്ള അവസാനമില്ലാത്ത അന്ധകാരത്തെ (അജ്ഞാനതിമിരത്തെ) നശിപ്പിച്ചുകളയുന്നു.

സൂര്യേന്ദ്രഗ്നിസമീരണാദിസകല-
സുവ്വാസിനാമുന്മദ-
സ്സുവ്വാണ്യേവ പദാനി യോ മഥിതവാൻ
ദുർവ്വാരശത്രോഷ്മണാ
തം ഘോരം മഹിഷാസുരം നിജപദേ-
നൈകേന സമ്മുദ്നതീ
യത്തം പ്രത്യകൃഥാ സ്തുതഃ കിമപരം
തവൈഭവം ബ്രൂമഹേ. 12

സാരം: —

ഗർവ്വിഷ്ഠനായ ആരാണോ സൂര്യൻ, ചന്ദ്രൻ, അഗ്നി, വായു മതലായ സകലദേവന്മാരുടെയും എല്ലാ സ്ഥാനങ്ങളും സമ്പത്തുക്കളും തടുക്കാനാവാത്ത പരാക്രമത്താൽ മുച്ചൂടും മുടിച്ചത്, ആ ഭയങ്കരനായ മഹിഷാസുരനെ തന്റെ ഒറ്റക്കാൽകൊണ്ട് ചവുട്ടിയരച്ചുകൊണ്ട് അവിടന്ന പ്രതിക്രിയചെയ്ത എന്നതിനേക്കാൾ മേലെയായി ഇനി വേറെയെന്താണ് അവിടത്തെ മഹിമാതിശയം ഞങ്ങൾ പറയേണ്ടത്?

ഏകം വാമതയൈവ ദക്ഷിണതയൈ-
വാന്യാൽ പദം ദേഹിനാം
ഖ്യാതം മുക്തിപുരാധിവാസിനി ശിവേ
ചിത്രം തവ ത്വീദൃശം

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

ആനമ്രേഷു ജനേഷ്വഭീഷ്ടകരണേ
പാദാവൃഭൗ ദക്ഷിണാ—
വാനമ്രേ തു കൃതാഗസി സ്മരഹരേ
വാമാക്ഷി വാമാവൃഭൗ. 13

സാരം:—

ഭേദികൾക്ക് ഒരു കാൽ വാമം (ഇടത്തേതു്) ആയിട്ടും മറേറ തു ദക്ഷിണം (വലത്തേതു്) ആയിട്ടും പ്രസിദ്ധമാണു്; ഹേ മുകതി സ്ഥലക്ഷേത്രത്തിൽ കുടികൊള്ളുന്ന ശിവപത്നീഭഗവതി, അതിസുന്ദരിയായ അവിടുത്തെ കാരുണ്യത്തിലാകട്ടെ ഇങ്ങനെയൊരുത്തരമുണ്ടു്: ആശ്രയിക്കുന്ന ജനങ്ങളിൽ മോഹിക്കുന്നതെല്ലാം സാധിപ്പിച്ചു കൊടുക്കുന്നതിൽ തുപ്പാദങ്ങൾ രണ്ടും ദക്ഷിണ(സമർത്ഥ)ങ്ങളാണു്; തെറവചെയ്യ പൊറുക്കാനായി കുമ്പിട്ടു കുപ്പുന്ന ശിവങ്കലാകട്ടെ, രണ്ടും വാമങ്ങളും (എതിർക്കുന്നവയും) ആണു്.

ആനമ്രസ്യ പുരദ്വിഷശ്ചിരസി തേ
പാദാബ്ജപാതശ്ശിവേ
ജീയാദ്ധേന ബഭൂവ പങ്കജവതീ
മൗലിസ്രവന്തീ ക്ഷണം
കിഞ്ചോദഞ്ചിതബാലപല്ലവവതീ
ജാതാ ജടാവല്ലരീ
ലാക്ഷാപാതവശേന സാന്ധ്യസുഷമാ—
സാന്ദ്രാ ച ചാന്ദ്രീ കലാ. 14

സാരം:—

അല്ലയോ ശിവപത്നി, പ്രണയകോപം ശമിപ്പിക്കുവാനായി കാല്ക്കൽ വീണ ത്രിപുരാന്തകന്റെ തിരുമുടിയിൽ അവിടുത്തെ തൃക്കാൽത്താർച്ചവിട്ടപ്പോൾ അതു വെൾവൃതാക: അതുകൊണ്ടാണല്ലോ ശിവമൗലിയിലെ ഗംഗാനദി തെല്ലിടയ്ക്കു തമരപ്പൊയ്കയായി തീർന്നതു്; അതിനുപുറമെ ശിവന്റെ ജടാഭാരമായ വെള്ളിക്കൊട്ടാകട്ടെ പുതുതായി തളിരണിഞ്ഞു വിളങ്ങുന്നതായും, ചന്ദ്രക്കലയാണെങ്കിൽ അരക്കിൻകഴമ്പു വീഴുകയാൽ സന്ധ്യാസമയത്തെ സൗന്ദര്യസാരം വഴിഞ്ഞൊഴുകുന്നതായും ഭവിച്ചു.

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

ദൃഷ്ട്വാ രാത്രിഷു ചന്ദ്രപാദജനിതാം
പാത്രോരുഹാണാം വ്യഥാം
ദേവി ത്വം കരുണാകുലേവ കരുഷേ
തദ്വൈരനിര്യാതനം
മാനാനന്ദമഹേശമൗലിവളഭീ—
വാസസ്യ ശീതത്വിഷോ
നിത്യം പങ്കജപാദഘാതജനിതാ
ബാധാ യദാധീയതേ. 15

സാരം:—രാത്രികാലങ്ങളിൽ ചന്ദ്രരശ്മി തട്ടി താമരപ്പൂക്കൾക്കുണ്ടാവുന്ന സങ്കടം കണ്ടിട്ട, ഹേ ഭഗവതി, അവിടുന്നു കാരുണ്യത്താൽ പരവശയായിട്ടെന്നപോലെ അതിനു പകരംവീട്ടൽ ചെയ്യുന്നവല്ലോ. എന്തുകൊണ്ടെന്നാൽ, പ്രണയകലഹത്തിൽ കാല്കൽ വീണ ശിവന്റെ തിരുമുടിത്തട്ടിൽ വാഴുന്ന ചന്ദ്രക്കലയ്ക്കു പതിവായി തുപ്പാദത്താമരപ്പൂവുകൊണ്ടു് അടികൊണ്ടിട്ടുള്ള ഉപദ്രവം ആവത്തിച്ചനുഭവിക്കേണ്ടിവരുന്നവല്ലോ.

സംഭ്രാന്തിസ്ഖ ദേവി സാ വിജയതേ
മാനാവനത്രേ ശിവേ
ത്വൽപാദാംബുരുഹപ്രഹാരമുദിതേ
മന്ദം സമുത്ഥായിനി
ലാക്ഷാരാഗരസാരുണം നിപതിതം
ഗംഗാപയശ്ശീകരം
ദൃഷ്ട്വാ ശോണിതശങ്കയാ തരളിതാ
കാന്തം യദാലംബഥാഃ 16

സാരം:—ഹേ, മഹേശ്വരി, അവിടത്തെ ആ പരിത്രമം സ്വപ്നാൽക്കഷ്ടേണ വർത്തിക്കുന്നു; ഏതു എന്നുവെച്ചാൽ പ്രണയകോപത്തിൽ തല താഴ്ത്തിയ ശിവൻ അവിടത്തെ തൃക്കാൽത്താരുകൊണ്ടുള്ള ചവിട്ടേറു സന്തോഷിച്ചു മെല്ലെ എഴുനേല്ലുമ്പോഴം അരക്കുചാർ വീണു ചുവന്ന മുടി ഗംഗയിലെ വെള്ളത്തുള്ളികളം വീഴുന്നതായി കാണുകയാൽ ചോരയാണെന്നു ശങ്കിച്ചു മനസ്സിളകി ഓടിച്ചെന്നു് ആ പ്രാണനാഥനെ അവിടുന്നു താങ്ങിക്കെട്ടിപ്പിടിക്കാറുണ്ടല്ലോ.

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

സാ പാടലീതയാഹതിർജയതി തേ
യസ്യാം ഗിരീന്ദ്രാത്മജേ
പ്രാചീനേന്ദുയുതേ നഖേന്ദുദശകേ
മൗലീസ്ഥലീസംഗതേ
സ്വസ്യൈകാദശരുദ്രതാസമുചിതാ—
നേകാദശൈവോഡുപാ—
നാബിഭ്രാണ ഇവാബഭൗ സ ഭഗവാ—
നേകോപി രുദ്രഃ സ്വയം. 17

സാരം:—ഹേ, പവ്വ്തരാജപുത്രീ, അവിടത്തെ ആ തൃക്കാലിണ കൊണ്ടുള്ള ചവിട്ട ജയിക്കുന്നു. ഏതിലാണോ മുമ്പുള്ള ചന്ദ്രക്കല യോട്കൂടി തൃക്കാൽ നഖചന്ദ്രക്കലകളും പത്തെണ്ണവും തിരുമുടിത്ത ട്ടിൽ ചേന്പ്പോൾ ആ രുദ്രഭഗവാൻ സ്വതേ ഒറ്റയ്ക്കായിട്ടും തനിയെ ഏകാദശരുദ്രനെന്ന സ്ഥിതിക്കു യോജിച്ച പതിനൊന്നുതന്നെ ചന്ദ്രക്കലകളും ധരിച്ചിരിക്കയാണെന്നു തോന്നുംവിധം ശോഭിച്ചുരുളു ന്നതു്.

കിം വൈരിഞ്ചകരോടികോടിനിഹതം
കിം വാ ഫണിഗ്രാമണീ—
നിശ്വാസാനിലഖേദിതന്തുവിദമിതി
പ്രേമാർദ്രസംലാപിനാ
മാനസ്യോപശമേ കരേണ ശനകൈ—
രാമൃദ്യ്ഗതാ ശംഭുനാ
ഭ്രേയശ്ചുംബിതമംബുജദൃതി പദം
ധ്യായാമി മായേ തവ. 18

സാരം:—ഈ പൂങ്കഴൽ ഞാൻ മുടിയ്ക്കുണിയുന്ന ബ്രഹ്മശിരഃകപാ ലത്തിന്റെ മുനമ്പത്തു തട്ടി നൊന്തുവോ? അതോ ഞാനണിയുന്ന സപ്പ്രാജന്റെ നെടുവീപ്പ്കിൻകാറേറ്റു ഖേദം തോന്നിയോ? എന്നി ങ്ങനെ പ്രണയപരവശനായി കൊഞ്ചിക്കൊണ്ടും ഇടച്ചിൽ തീർന്ന പ്പോൾ കൈകൊണ്ടു മെല്ലെമെല്ലെ തലോടിക്കൊണ്ടും ശംഭുഭഗവാ നാൽ തുടരെത്തുടരെ ചുംബിക്കപ്പെട്ട പൊൽത്താമരപ്പൂവിനൊത്ത അ വിടത്തെ തൃക്കാലടി, അല്ലയോ മഹാമായേ, ഞാനെപ്പോഴും ധ്യാനി ക്കുന്നു.

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

പൂർവ്വം ജഹ്നുസുതാ സകുങ്കുമരജഃപോഃ
ശ്രീപാദസംക്ഷാളനാ—
പുണ്യാദീദൃശവൈഭവാ സമഭവേ—
ദ്ഗോവിന്ദവന്ദ്യേ ശിവേ
സേയം സമ്പ്രതി ശംഭുമൗലിനിലയാ
മാനപ്രസംഗാനതൗ
നിത്യം തച്ചരണാവസേചനഭവാ
പുണ്യേന കീദൃഗ്ഭവേൽ. 19

സാരം:—ആകാശഗംഗ പണ്ട് ഒരിക്കൽമാത്രം മഹാവിഷ്ണുവിന്റെ തൃക്കാൽ കഴുകാൻ കഴിഞ്ഞ പുണ്യംകൊണ്ടതന്നെ ഇത്രയും മാഹാത്മ്യമുള്ളതായിത്തീർന്നു. അല്ലയോ മഹാവിഷ്ണുവും കൂപ്പുന്ന ശിവപത്നീ, ആ ഗംഗ ഇന്നാകട്ടെ ശംഭുഭഗവാന്റെ തിരുമുടിയിലിരുന്നുകൊണ്ട് പ്രണയകലഹത്തിൽ കുമ്പിട്ടുപോയാൽ പതിവായുള്ള അവിടുത്തെ തൃക്കാൽകഴുകലാൽ ഉണ്ടാവുന്ന പുണ്യംകൊണ്ട് എങ്ങിനെയായിത്തീരും?

പൂർവ്വം വ്യാകരണപ്രപഞ്ചനവിധൗ
ലബ്ധ്വാപ്യനേകം പദം
കിം നോ തൃപ്തിമഗാദഗാധിപസുതേ
ശേഷഃ ഫണിഗ്രാമണീഃ
ആലീനശ്ശശിമൗലിമൂർദ്ധനി ചിരം
പ്രേമപ്രകോപാനതൗ
ലബ്ധും തേ പദമേകമേവ കതുകീ
നിത്യം യതോ വർത്തതേ. 20

സാരം:—ഹേ മാമലമകളേ, പണ്ട് സപ്പ്രാജാവായ അനന്തൻ (പാണിനിയായവതരിച്ച്) വ്യാകരണസൂത്രഭാഷ്യങ്ങളം വിസ്തരിച്ചു രചിക്കുമ്പോൾ അസംഖ്യം പദങ്ങളം (വാക്കുകളം) കണ്ടുപിടിച്ചിട്ടും മതിയായെന്നു തോന്നീലയെന്നുണ്ടോ? എന്തുകൊണ്ടെന്നാൽ (അദ്ദേഹം) ചന്ദ്രശേഖരസ്വാമിയുടെ തിരുമുടിയിൽ ചടഞ്ഞുകൂടി വളരെക്കാലമായി പ്രണയകോപത്തിൽ സ്വാമി തല താഴ്ത്തുമ്പോൾ ഭവതിയുടെ പദം (തൃക്കാൽ) ഒന്നുമാത്രം കൈവരാൻ ഉത്സാഹിച്ചുകൊണ്ട് ഒഴിയാതെ കൂടുകയാണല്ലോ.

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

തിഷ്ഠന്ത്യാം പ്രണയപ്രകോപവശതോ
ബാഷ്പാകുലാക്ഷ്യാം തയി
ശ്രീകണ്ഠേ നഖപ്പേണപ്രതിഫല—
ദ്ഗൂപേ പുരോവത്തിനി
പാദാഗ്രേ പതിതോയമിത്യഭിഹിതേ
സഖ്യാ തവാലോകനം
ലോലം പാദതലേ വിഭോതി സഹസാ
സാകോപമാളീമുഖേ. 21

സാരം:—അവിടുന്ന പ്രണയകലഹംകൊണ്ട് കണ്ണുനീർ നിറഞ്ഞ കണ്ണുമായി നില്ക്കുമ്പോഴും, ശ്രീകണ്ഠസ്വാമിയും അവിടുത്തെ വെൺനഖക്കണ്ണാടിയിൽ പ്രതിബിംബിച്ചുകൊണ്ടു മുമ്പിൽത്തന്നെ നില്ക്കുമ്പോളും ''ഇതാ തമ്പുരാൻ തൃക്കാല്ക്കൽ വീണവല്ലോ'' എന്നു സഖി ഉണത്തിച്ചപ്പോഴും അവിടുത്തെ നോട്ടമുണ്ടല്ലോ, കാല്ക്കലേയ്ക്കു സതൃഷ്ണമായും സഖീമുഖത്തേയ്ക്കു പെട്ടെന്നു കോപിച്ചും—അതേറ്റവും ശോഭിക്കുന്നു.

കാന്താലോകനലജ്ജയാ വിനമിതേ
കാന്തേ മുഖാംഭോരുഹേ
യാ സൗ ഭ്രൂതലപാതുകാ നയനയോ—
ശ്ശോഭാ തവാഭാസതേ
സാ താവൽ തരുണാരുണാംബുജയുഗ—
ഭ്രാന്ത്യാ തവാംഘ്രിദ്വയ—
പ്രാന്തേ ഭാതി മരന്ദപാനകുതുക—
ഭ്രാന്തേവ ഭൃംഗാവലീ. 22

സാരം:—കാന്തൻ മുമ്പിൽത്തന്നെ നില്ക്കുന്നതു കണ്ടു നാണംകൊണ്ടു മനോഹരമായ അവിടുത്തെ മുഖാരവിന്ദം കുനിയുമ്പോഴും താഴത്തേയ്ക്കിങ്ങിവരുന്ന അവിടുത്തെ തൃക്കണ്ണുകളുടെ ഈ ശോഭയുണ്ടല്ലോ, ഏറ്റവും വിളങ്ങുന്നു; അതു തീച്ചുയായും രണ്ടു പുത്തൻപൊൽത്താമരപ്പൂക്കളാണെന്നു ഭ്രമിച്ചു് അവിടുത്തെ തൃക്കാലടികൾക്കു ചുറ്റും തേൻ നുകരാൻ കൊതിച്ചെത്തുന്ന വണ്ടിൻനിരപോലെ ശോഭിക്കുന്നു.

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

കിം ബ്രൂമഃ കടിലാത്മകോപി കബരീ—
ഭാരസ്യവദീയശ്ശിവേ
കേളീവിശ്രഥിതസ്തനോതി യദയം
തവൽപാദസംസ്പർശനം
തദ്ഭ്രയസ്സ്മനോഗണാദ്ധതഗ്രണ—
സ്സ്വന്മൗലിസംലാള്യതാം
ദത്തേ ചിത്രമസൗ തവദംഘ്രിജേനാൽ
കിം കേന നോ ലഭ്യതേ. 23

സാരം:—ഹേ ശിവപത്നീ, കടിലാത്മാവു് (ചുരുണ്ട വടിവു് = കപടസ്വഭാവം എന്നും) ആയിട്ടും അവിടത്തെ ഈ വാർപുങ്കഴൽക്കെട്ട പന്തടി മുതലായ കേളികളാൽ അഴിഞ്ഞുതിന്ന തുക്കാലടികൾതൊട്ട ഴിയുന്ന എന്നതുപോലെ അതു, പിന്നീട സ്മനോഗണാദ്ധതഗ്രണ നായി (പൂവണിഞ്ഞും ദേവന്മാരാൽ വന്ദിക്കപ്പെട്ടും) അവിടത്തെ തലയിലേറ്റി ലാളിക്കപ്പെടുക എന്ന അവസ്ഥയും പ്രാപിക്കുന്നു. ഈ ആശ്ചര്യത്തെപ്പറ്റി ഞങ്ങളെങ്ങിനെ വർണ്ണിക്കും? അവിടത്തെ തൃപ്പാദസേവയാൽ എന്താണു് ആക്കാണു് കൈവരാത്തതു്?

രാഗദ്വേഷമുഖാ ഹി വിഭ്രമഭരാ
നശ്യന്തി വിശ്വേശ്വരി
തവൽസംഗാദിതി മുക്തിദേശനിലയേ
മിഥ്യാ ജനൈഃ കഥ്യതേ
ഉദ്യദ്വേഷമുദാരവിഭ്രമഭരം
ഗാത്രം ദധത്യാ തവയാ
രാഗോപി ധ്രിയതേധികം ചരണയോ-
ശ്ശോണാംബുജച്ഛായയോഃ 24

സാരം-അല്ലയോ സർവ്വജഗദംബികയായ മുക്തിസ്ഥലേശ്വരി, രാഗം ദ്വേഷം മുതലായ അതിശയഭ്രാന്തികളും അവിടത്തെ സംസർഗ്ഗം കൊണ്ടു നശിക്കുമെന്ന ജനങ്ങളും പറയുന്നതു മിഥ്യയാണ (ശരിയല്ല) ല്ലോ. ഉദയത്തായ വേഷവിധാനവും ഉൽപ്പന്നമായ ദ്വേഷ(വൈര)വും ഉദാരമായ = മഹത്തായ വിഭ്രമ(ശൃംഗാരാദി ചിത്തവൃത്തി) ഭരവും ചേർന്ന (മഹാഭ്രാന്തിയോടുകൂടിയ എന്നും) ശരീരം ധരിക്കുന്ന ഭവതി യാൽ രാഗവും ചുവപ്പും (വിഷയേച്ഛയും) ചെന്താമരപ്പൂക്കൾപോലുള്ള തുക്കാലടികളിൽ ഏറ്റവും ധരിക്കപ്പെടുന്നു.

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

ദേവീ ത്വൽപദസൽപ്പരാഗമനിശം
മൗലൗ സമാബിഭ്രതാം
സാധ്വനാമപരാഗതൈവ ഭവതീ—
ത്യാശ്ചര്യമാസ്ഥാമിദം
പാദസ്യേ നഖരപ്രഭാവലസിതോ
ജാഗർത്തി സോയം പുന—
ശ്ചിത്രം നാമ ഖരപ്രഭാവലസിതോ
ദുഷ്ടാസുരം പിഷ്ടവാൻ 25

സാരം:—അല്ലയോ ഭഗവതീ, അവിടത്തെ തൃക്കാലിലുള്ള സൽപരാഗം (പുണ്യപാംസു) എല്ലായ്പ്പോഴും തലയിലണിയുന്ന സജ്ജനങ്ങൾക്കു് അപരാഗത(വൈരാഗ്യം)തന്നെ ഭവിക്കുന്നു എന്നുള്ളതൊരു ആശ്ചര്യമായിരിക്കട്ടെ; (ഇവിടെ പരാഗം ധരിക്കുന്നു എന്നിട്ടു് അപരാഗത പ്രതിഫലം കിട്ടുന്നു എന്നൊരു വിരോധാഭാസം) അവിടത്തെ തൃക്കാൽനഖരങ്ങളുടെ പ്രഭാബലത്താൽ സീത (വെണ്മതിരണ്ടതു)മായി സദാ ശോഭിച്ചിട്ടും അതുതന്നെ പിന്നീടു ഖരപ്രഭാവലസിതമായി (തീക്ഷ്ണതേജസ്സിനാൽ വിളങ്ങി) ദുഷ്ടനായ മഹിഷാസുരനെ അരച്ചു ചമ്മന്തിയാക്കിയതു് അത്യാശ്ചര്യകരമാണല്ലോ! (ഇവിടെയും നഖരപ്രഭാബല(വബയോരഭേദഃ) സീതം ഖരപ്രഭാവലസിതമാകുന്ന വിരോധാഭാസം)

ദ്വിത്രേന സ്ഥിതയോസ്ത്വദീയപദയോർ—
ദ്വൈതം നിരസ്യ സ്ഫുടം
കൈവല്യപ്രതിപാദനേ കുശലതാ
ജാതേതി കോയം ക്രമഃ
കിം വാ യുക്തിഭിരത്ര മുക്തികരതാ
വ്യക്തൈവ തേ പാദയോർ-
മുക്താ ഏവ ഹി വിസ്ഫുരന്തി വിമലാ—
സ്ത്വൽസംഗിനോമീ നഖാഃ 26

സാരം:—രണ്ടായി നിലകൊള്ളുന്ന അവിടത്തെ തൃക്കാലുകൾക്കു രണ്ടെന്ന ഭാവം സ്പഷ്ടമായും വിട്ടകളഞ്ഞു് (ജഗത്തിന്റെ മിഥ്യാതഥ്യാതദ്വൈതം) മോക്ഷം കൊടുക്കാനുള്ള കഴിവു് ഉണ്ടായി എന്നതു് ഏതുപ്രകാരമാണു്? അഥവാ, ഇവിടെ യുക്തിവിചാരംകൊണ്ടെന്തോ

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

ണ് കാര്യം? അവിടത്തെ തുപ്പാദങ്ങളുടെ മുക്തിപ്രദാതൃത്വം വളരെ വ്യക്തമാണ്. തുപ്പാദസംബന്ധികളും (അതിനാൽത്തന്നെ) വിമല (പങ്ക—പാപ—രഹിത)ങ്ങളുമായ ഈ നഖങ്ങളും മുക്തങ്ങളും (മുക്തികളും മോക്ഷം കിട്ടിയവയും) ആയിത്തന്നെ പ്രകാശിക്കുന്നുവല്ലോ.

പാദാഗ്രം തവ കാമദം സുരലതാ
ശാഖാഗ്രമാചക്ഷ്മഹേ
ജാതാ യത്ര ഹി ബാലപല്ലവരുചിഃ
സൈരേവ രാഗോദ്ഗമൈഃ
ഉത്സർപ്പന്നഖമണ്ഡലീസുഷമയാ
പുഷ്പാളിരുദ്ഭാദിതാ
സഞ്ജാതാളിരുതിശ്ച മഞ്ജുളതരൈർ—
മണ്ഡീരശിഞ്ജാരവൈഃ 27

സാരം:—അവിടത്തെ തൃക്കാൽത്തലപ്പു സകലാഭീഷ്ടപ്രദമായ കല്പകവള്ളിക്കൊമ്പിന്റെ മുനമ്പാണെന്നു ഞങ്ങൾക്കുറപ്പിച്ചു പറയുവാൻ പാടും. ആ തുപ്പാദത്തിലാണല്ലോ, അതിന്റെതന്നെയായ തുടുതുടപ്പുദിപ്പുകളാൽ ഇളംതളിർക്കാന്തി കളിയാടിക്കാണുന്നതു്; പൊങ്ങിപ്പൊങ്ങിവരുന്ന നഖനിരയുടെ പരമശോഭയാൽ പൂവിരിയലുണ്ടാവുന്നതും മനോഹരങ്ങളായ തൃക്കാൽച്ചിലമ്പൊലികളാൽ അളിമുരളൽ ഉണ്ടാവുന്നതും അവിടെത്തന്നെയാണല്ലോ.

ദേവീയം തവ സന്നതേശമകട—
സ്വർല്ലോകകല്പോലിനീ-
കല്പോലാഹതിഭിർവ്വിശേഷവിമലാ
ജീയാന്നഖശ്രേണികാ
യദ്ധാവല്യമവാപ്തുമാത്തകുതുകാ—
സ്സോയേ തപസ്യന്ത്യമീ
ദീനാഃ ഫേനകണാശ്ച മൗക്തികഗണാ—
ശ്ശംഖാശ്ച ശങ്കാമഹേ. 28

സാരം: —അല്ലയോ ദേവീ, അവിടത്തെ ഈ തൃക്കാൽനഖനിര പ്രണയകോപശമനത്തിന്നായി കമ്പിടുന്ന ശിവന്റെ ശിരസ്സിലെ സ്വർഗ്ഗംഗയുടെ തിരമാലകളടിച്ചു ചിളി കളഞ്ഞു തെളിത്തെളെ വിളങ്ങി

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

ജയിച്ചരുളട്ടെ;- ആ തെളിവെണ്മ തങ്ങൾക്കും ലഭിക്കുവാൻ കൊതിച്ചിട്ടാണോ വെള്ളത്തിന്നുള്ളിൽ ഈ നരത്തുള്ളികളും മുത്തുനിരകളും ശംഖുകളും വല്ലാതെ വിഷമിച്ചുകൊണ്ടു തപസ്സു ചെയ്യുന്നതു് എന്നു ഞങ്ങൾ ശങ്കിക്കുന്നു.

മാനേ ശംഭുശിരഃപ്രഹാരചരിതം
നൈവ ത്വദിച്ഛാകൃതം
ജാനേ ദേവി പദാബ്ജയോസ്തു പുരജി—
ന്മൂർധ്നാ വിരോധാദിദം
ഏതേ പാദനഖാംശുബദ്ധകലഹാ—
ശ്ശീതാംശുമന്ദാകിനീ—
ഭോഗീന്ദ്രാഃ കില ശങ്കരസ്യ ശിരസാ
ശങ്കാം വിനാ രക്ഷിതാഃ 29

സാരം:—അല്ലയോ ദേവി, പ്രണയകലഹത്തിൽ ശിവന്റെ ശിരസ്സിൽ ചവിട്ടുന്ന നടപടി അവിടുത്തെ സ്വന്തം ഇഷ്ടപ്രകാരം ആവില്ലതന്നെ; ഞാൻ മനസ്സിലാക്കുന്നതു്, ഇതു തീച്ചയായും അവിടുത്തെ തൃക്കാൽത്താരുകൊണ്ടു ശിവശിരസ്സിനോടുള്ള എതിർപ്പുകൊണ്ടാണെന്നാണു്. ഈ ചന്ദ്രനും സ്വർഗ്ഗംഗയും സർപ്പരാജനും തൃക്കാൽനഖപ്രഭയോടു് പൊരുതി തോറ്റപ്പോൾ ശിവശിരസ്സാണല്ലോ വൈഷമ്യമൊന്നുമാലോചിക്കാതെ അഭയസ്ഥാനം കൊടുത്തതു്.

ദേവി ത്വച്ചരണോച്ചലന്നഖമണി—
ശ്രേണീഷു ലീനോ നമ—
ന്നാഭാതി സ്ഫടികാചലസ്ഫുടതടീ—
ശായീവ സായന്തനഃ
ഹംസാലീനവപുഃ സ്വയം കമലഭൂഃ
ക്ഷീരാബ്ധിശായീവ ച
ശ്രീഭർത്താ മാലവാപി നാകസരസി
സ്നായന്നിവാലോക്യതേ. 30

സാരം:—അല്ലയോ ഭഗവതി, അവിടുത്തെ നമസ്കരിക്കുമ്പോൾ നടരാജനായ ശിവൻ തൃക്കാൽനഖങ്ങളാകുന്ന മുത്തുമണികളുടെ നിരപ്പകിട്ടിൽ അലിഞ്ഞുചേർന്നു് സ്ഫടികമയമായ കൈലാസപർവ്വതത്തിലെ വെൺമണൽത്തട്ടിൽ ശയിക്കുന്നതുപോലെ വിളങ്ങുന്നു;

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

(അതുപോലെ നമസ്കരിക്കുന്നു) ബ്രഹ്മാവും താൻതന്നെ അരയന്നത്തിലിരിഞ്ഞുചേന്ന ശരീരത്തോടുകൂടിയും, മഹാവിഷ്ണുവാകട്ടെ പാല്പ്പുടലിൽ പള്ളികൊള്ളുന്നപോലെയും—മഹേന്ദ്രനാണെങ്കിൽ ആകാശഗംഗയിൽ ആറാടുന്നതുപോലെയും കാണപ്പെടുന്നു.

ഡോളാകേളിവിധൗ ഹിമാചലശിലാ—
ദേശേ സമഭ്യാഹതാൻ
പാദാഗ്രാത്തവയാനി യാവകരസ—
പ്രസ്യന്ദനാന്യംബികേ
താന്യഭ്യാഗതസംഭ്രമേംഗരുവേ—
ദ്ധൃക്താംബുവിസ്മാരണാ—
ബിന്ദുക്ഷേപനിഭാനി നന്ദമരീ—
വന്ദ്യാനി വന്ദാമഹേ. 31

സാരം:—ഹേ, ലോകമാതാവേ, അവിടത്തെ ഊഞ്ഞാലാട്ടക്കളിയിൽ ഹിമവൽപ്പർവ്വതത്തിലെ പാറപ്പുറത്തുകൊണ്ടുരയുന്ന അവിടത്തെ തൃക്കാൽത്തലപ്പത്തുനിന്നു് അരക്കുപോറൊലിക്കുന്നതു വരാൻ പോവുന്ന സുംഭാസുരപ്പോരിലെ രക്തച്ചൊരിച്ചിലിന്റെ ചൂരുക്കം കുറയ്ക്കുവാണെന്നവണ്ണം ദേവസ്ത്രീകളും വന്ദിക്കുംവിധം ഞങ്ങളും വന്ദിക്കുന്നു.

ഡോളാകേളിഷു യം ഹിമാചലശിലാ—
ലഗ്നം വനേ വാസിനോ
ഭക്ത്യാ യോഗിവരാസ്ത്രിപുണ്ഡ്രകലിതേ
ലിമ്പന്തി ഫാലാന്തരേ
യം സിദ്ധപ്രമദാസ്സമേത്യ തിലകം
കുർവ്വന്തി നത്വാ മുഹു—
സ്തം ദാക്ഷായണി തേ കദാനു പദയോ—
രീക്ഷേയ ലാക്ഷാരസം. 32

സാരം:—മുൻ ദക്ഷപുത്രിയായ ഹേ, ശ്രീപാർവ്വതീദേവി, അവിടത്തെ ഊഞ്ഞാലാട്ടക്കളികളിൽ ഹിമവൽപ്പർവ്വതപ്പാറപ്പുറത്തു പററിപ്പിടിക്കുന്ന യാതൊന്നാണോ വനവാസികളായ യോഗീന്ദ്രന്മാർ ഭക്തിയോടുകൂടി മുന്നു വരയായി ഭസ്മക്കുറിയിട്ട നെറ്റിത്തടത്തിൽ എടുത്തു പൂശുന്നതു്; സിദ്ധസ്ത്രീകളും അടുത്തു കൂടിച്ചെന്നു തുടരെത്തുടരെ നമസ്ക്കരിച്ചു തിലകപ്പൊട്ടായി എടുത്തു തൊടുന്നതു്

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

യാതൊന്നാണോ; അവിടത്തെ തൃപ്പാദത്തിലെ ആ അരക്കുഴമ്പ് എപ്പോളാണെനിക്ക കാണാൻ കഴിയുക?

ദേവി ത്വം മുരവൈരിണഃ പ്രണമനേ
യൽ കിഞ്ചിദാകുഞ്ചയ
ശ്രീപാദോംബുജമന്യഥാസ്യ ശിരസി
ത്വൽപ്പാദലാക്ഷാഞ്ചിതേ
ശ്രീഭൂമ്യോരിതരപ്രണാമകൃതമി—
ത്യന്യോന്യമാശങ്കയാ
രോഷവ്യാകുലയോശ്ചിരം സ ഭഗവാൻ
ജായേത പര്യാകുലഃ 33

സാരം;—ഹേ, ഭഗവതി: അവിടന്ന മഹാവിഷ്ണുവിന്റെ നമസ്കാരത്തിൽ തൃക്കാൽത്താരു കറഞ്ഞൊന്ന മടക്കിവെയ്ക്കുണേ; അതില്ലെങ്കിൽ അവിടത്തെ ശിരസ്സിൽ ഇവിടത്തെ തൃക്കാലിലെ ലാക്ഷാമുദ്ര പതിഞ്ഞു ശ്രീഭഗവതിക്കും ഭൂമീദേവിക്കും തമ്മിൽ മറവളടെ കാല്ലൽ വീണ ആടയാളമാണിതെന്ന തെറ്റിദ്ധാരണയാൽ ക്രുദ്ധിയെട്ടുള്ള സപത്നീമത്സരത്തിന്നിടയാവുമ്പോൾ ആ ഭഗവാൻ വളരെ കാലത്തേയ്ക്ക് അസ്വസ്ഥചിത്തനായി ഭവിക്കും.

പ്രാഹ്ലാഹ്വിധൗ ഹിമാചലസദ—
സ്യശ്ശാധിരോപായ യ—
ന്ന സ്പ്രക്ഷ്യാമി വിയദ്ധുനീമിതി പുന—
സ്സത്യം വിധാതുഞ്ച യൽ
ദൈത്യോൽപ്പേഷണസാഹസേ വിരചിതേ
സംവാഹനാർത്ഥഞ്ച യൽ
തൽ പാദഗ്രഹണത്രയം വിജയതേ
ശർവ്വേണ ശർവ്വാണി തേ. 34

സാരം—ഹേ ശിവപത്നി, പണ്ട് വേളിനാളിൽ ഹിമവൽപ്പർവ്വതസദസ്സിൽവെച്ച് ക്രിയാഭാഗമായ അമ്മിചവിട്ടിയ്യലിന്ന ഒന്നും. ''ഇനി ഞാൻ സ്വർഗ്ഗംഗയെ തൊടില്ല'' എന്ന പിന്നീട് ശപഥംചെയ്യാൻവേണ്ടി മറ്റൊന്നും, അസുരമർദ്ദനമായ സാഹസകർമ്മം (അവിടന്ന) നടത്തിയപ്പോഴും നോവു മാറാൻവേണ്ടി തലോടുവാനെടുത്തപ്പോഴും മൂന്നാമതൊന്നും—എന്നിങ്ങനെ ശങ്കരഭഗവൽസ്വാമിയാൽ

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

മുന്നു തവണത്തെ അവിട്ടത്തെ തൃക്കാൽ പിടിക്കലും സവ്വോൽക്ക ഷേണ വർത്തിക്കുന്നു.

സംഭ്രേ കില ദേവി രാഗകലഹേ
പാദപ്രഹാരോത്സവം
ലബ്ധും കാംക്ഷിതവാനുപായമിഹ ഖ—
ലജ്ഞോ ന വിജ്ഞാതവാൻ
യദ്യായോത്സ്യതി ഘോരമാഹിഷവപുർ—
ധാരീ സ വൈരീ തതഃ
പ്രാഘാനിഷ്യത മുർധ്നി കോമളരുചാ
പാദാരവിന്ദേന തേ. 35

സാരം:—ഹേ ഭഗവതി, സംഭാസുരൻ പ്രണയകലഹത്തിൽ അവിട്ടത്തെ ചവിട്ട കൊള്ളുക എന്ന രസം അനുഭവിക്കുവാൻ കൊതിക്കുന്നവനത്രേ; എന്നാൽ, അതിനുള്ള സൂത്രമാകട്ടെ ശ്രുഭ (അറിവില്ലാത്തവ)നാകയാൽ തിരിഞ്ഞുകിട്ടുന്നുമില്ല; അവൻ ഭയങ്കരമായ മഹിഷസ്വരൂപം ധരിച്ചുകൊണ്ടു വൈരിയായി വന്നു് അവിട്ടത്തോടു യുദ്ധത്തിനൊരുമ്പെട്ടുമെങ്കിൽ ഒരുപക്ഷേ മനോഹരകാന്തിയുള്ള അവിട്ടത്തെ തൃക്കാൽത്താരുകൊണ്ടു് അല്പന്റെ മണ്ടയിൽ പ്രഹരിക്കത്തക്കവണ്ണമായിരുന്നു.

ആനത്രേ ഗിരിശേ പദപ്രഹരണേ
ദത്തേ ഭവത്യാ രുഷാ
നാഥേ കിം മഹിഷോഹമിത്യഭിഹിതേ
ദേവേന തസ്മിൻ ക്ഷണേ
ആളീഷ്വാകലിതസ്മിതാസു പുനര—
പ്യുദ്ദാമപുഷ്യദ്രുഷ—
സ്സന്മൗലൗ ജയതി ദ്വിതീയമപി തേ
പാദാബ്ജസന്താഡനം. 36

സാരം:—പ്രണയകലഹത്താൽ ശിവൻ കുമ്പിട്ടമ്പോഴും അവിട്ടന്നു കോപിച്ചു തൃക്കാൽകൊണ്ടു ചവിട്ടുമ്പോഴും ''ഹേ പ്രിയതമേ, ഞാൻ മഹിഷാസുരനാണോ'' എന്നു മഹാദേവൻ മൊഴിയുമ്പോഴും, ആ സമയത്തുതന്നെ സഖീജനങ്ങളും ഊറിച്ചിരിക്കവേ പിന്നേയും അടക്കാവതല്ലാത്ത കോപത്തോടുകൂടി അവിട്ടന്നു ശിവശിരസ്സിൽ രണ്ടാമതും കൊടുക്കുന്ന തൃക്കാൽത്താർച്ചവിട്ട വിജയിക്കുന്നു.

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

പാദാഗ്രം തവ സംഗരശ്രമവശാ
ദാക്ഷായി ലാക്ഷാരസം
വിന്യസ്തം മൃഗനായകോപരി ചരം
ജീയാദഗേന്ദ്രാത്മജേ
യൽകാന്ത്യൈവ ച ലോഹിതോ മൃഗപതി—
ർദന്ത്യൈപ്രഹാരോദ്ഗള—
ദ്രക്തതാംഭകേണികാവഹന്നപി തഥാ
നാമാനി വൈമാനികൈഃ 37

സാരം:—ഹേ പർവ്വതരാജപുത്രി, യുദ്ധത്തിലുള്ള ആയാസം കൊണ്ട്, അരക്കുചാറൊട്ടൊലിക്കുന്നതും സ്വവാഹനമായ സിംഹത്തിന്റെ മുതുകിൽ വെച്ചതുമായ അവിടുത്തെ തൃക്കാൽത്തുമ്പു നിണാം ജയിക്കട്ടെ ആ തൃക്കാൽ ശോഭകൊണ്ടതന്നെ ചുവപ്പു നിറമാൻ സിംഹം അസുരന്റെ ആയുധമേറു ചിന്നുന്ന ചോരത്തുള്ളികളണിഞ്ഞിട്ടും യുദ്ധം കാണാനെത്തിയ വിമാനസ്ഥരായ ദേവന്മാരാൽ അങ്ങനെ തിരിച്ചറിയപ്പെട്ടുന്നില്ല.

നൈവാലിമ്പ നിലമ്പമുദ്വസു ന വാ
സിംഹോപരി ത്യജ്യതാം
മാ ചേദം മഹിഷസ്യ മൂർധ്നി രഭസാ—
ദാലിപ്യ ലോലുപ്യതാം
പത്യുർമ്മൗലിനദീജലേ പരമിദം
സംക്ഷാളനീയം തവയേ—
ത്യാളീകേളിശിരോ ജയന്തി ഗിരിജേ
തവൽപ്പാദലക്ഷാപ്പണേ. 38

സാരം:—അല്ലയോ ഗിരിജാദേവി, ഈ ലാക്ഷാരസം, നമസ്കരിക്കുന്ന ദേവന്മാരുടെ മുടികളിൽ തേച്ചുകളയരുതേ; സ്വവാഹനമായ സിംഹത്തിന്റെ മുതുകിലും ഇഴക്കിക്കളയരുതേ; മഹിഷാസുരന്റെ മണ്ടയിലും ചവിട്ടിന്റെ ഊക്കാൽ തേച്ചുതിരുമ്മി മാച്ചുകളയുകയുമരുതേ! ഭർത്താവിന്റെ മുടിഗംഗാജലത്തിൽത്തന്നെയാണിത് അവിടുന്ന് കഴുകിക്കളയേണ്ടതു് എന്നിങ്ങനെ തൃക്കാലിൽ അരക്കുഴമ്പുപുരട്ടുമ്പോളുള്ള തോഴിമാരുടെ കളിവാക്കുകൾ ജയിക്കുന്നു.

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

നത്യൈവ പ്രഥമം പദംഘ്രികമലം
തൗ പുഷ്പവന്താവുഭൗ
ത്രൈലോക്യം മഹസാഭിഭൂയ ചരതോ
വ്യോമാന്തരപ്രാന്തരേ
നാഥേ തൗ കഥമന്യഥാ പരിഗള-
ദ്ഭ്രാക്ഷാരസക്ഷാളിതൗ
വീക്ഷ്യതേ ഭൃശശോണബിംബ മുദയാ-
രംഭേ പ്രിയംഭാവുകൗ. 39

സാരം;—അല്ലയോ സർവ്വേശ്വരീ, ആ ആദിത്യചന്ദ്രന്മാർ രണ്ടു പേരും ആദ്യമായി അവിടത്തെ തൃക്കാലടിത്താരിൽ നമസ്കരിച്ചിട്ടു തന്നെയാവും മുന്നു ലോകത്തേയും തേജസ്സു കൊണ്ടു മൂടി അത്യന്നതാകാശമാർഗ്ഗത്തിലൂടെ സഞ്ചരിക്കുന്നതു്; അല്ലെങ്കിലെങ്ങിനെയാണു്, തൃക്കാലിലെ അരക്കുചോറൊഴുകിപ്പറ്റിയതുപോലെ ഏറ്റവും തുടുത്തുത്തുടുത്ത് ബിംബാകാരമായി (അതുകൊണ്ടുതന്നെ) കാണ്മോർക്കു പ്രിയമുണ്ടാക്കുമായി ഉദിച്ചു വരുന്ന സമയത്തു് അവർ കാണപ്പെടുന്നതു്?

ത്രൈലോക്യം വശയന്തിപാപപടലീ-
മുച്ചാടയന്ത്യുച്ചകൈ-
ർവ്വിദ്വേഷം ജനയന്ത്യധർമ്മവിഷയേ
പ്രസ്സംഭയന്ത്യാപദം
ആകർഷന്ത്യഭിവാഞ്ഛിതാനി മഹിഷ-
സ്വപ്നേരിണോ മാരണാ-
ശ്ചിത്രം തൽപദസിദ്ധചൂർണ്ണനിവഹാ-
ഷ്ഷൺകർമ്മണാം സാധകാഃ 40

സാരം:—മുന്നു ലോകങ്ങളേയും വശീകരിക്കുന്നു, പാപസമൂഹത്തെ ഉച്ചത്തിൽ ഉച്ചാടനം ചെയ്യുന്നു; അധർമ്മ വിഷയത്തിൽ വിദ്വേഷത്തെ ജനിപ്പിക്കുന്നു; ആപത്തിനെയെല്ലാം സ്തംഭിപ്പിക്കുന്നു; അഭിവാഞ്ഛിതങ്ങളെ ആകർഷിക്കുന്നു, മഹിഷാസുരനാകട്ടെ മാരണങ്ങളുമാണു്—എന്നിങ്ങനെ അദ്ഭുതം തന്നെ, അവിടത്തെ തൃക്കാലിലെ പൊടിക്കട്ടകളാകുന്ന സിദ്ധ ചൂർണ്ണങ്ങൾ ഷൺകർമ്മങ്ങളുടെയും സാധകങ്ങളാണു്.

(ഷൺകർമ്മങ്ങൾ:—'വശ്യോച്ചാടനവിദ്വേഷസ്തംഭനാകർഷ മാരണാം' മന്ത്രവാദശാസ്ത്ര പ്രതിപാദിതം)

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

കിം പഞ്ചായുധബാണപഞ്ചകമിദം
മാരാരിസമ്മോഹനേ
കിം കല്പദ്രുമപഞ്ചകം പ്രണമതാ—
മാകാംക്ഷിതാപാദനേ
സൂക്ഷ്മം കിഞ്ചന പഞ്ചഭൂതവപുഷോ
വിശ്വസ്യ കിം കാരണം
തൽപാദാംഗ്രലിപഞ്ചകാത്മകമിദം
കിം വേതി ശംഭോഃ പ്രിയേ. 41

സാരം.—ഹേ ശങ്കരപ്രിയതമേ, അവിടുത്തെ തൃക്കാലിലെ അഞ്ചു വിരലുകളാകുന്ന ഇതു് എന്തൊന്നായിട്ടാണു് ശോഭിക്കുന്നതു്? മാരവൈരിയുടെ മനം മയക്കുന്നതിനുള്ള അയുമ്പന്റെ അഞ്ചസ്ത്രങ്ങളാണോ? തൃക്കാലാശ്രയിക്കുന്നവർക്കു് അഭീഷ്ടങ്ങളെല്ലാം അരുളുന്നതിനുള്ള അഞ്ചു കല്പകവൃക്ഷങ്ങളാണോ? പഞ്ചഭൂതാത്മകമായ ഈ പാരിടത്തിന്റെ അതിസൂക്ഷ്മമായ ഒരു ബീജാങ്കുരമാണോ?

ഡോളാകേളിഷു ദുരുദുരഗമനേ
പ്രേംഘോളനാവിഭ്രമേ
മേദിന്യാമനിപാതിതം ജയതി തേ
നാഥേ പദാംഭോരുഹം
ഭക്ത്യാ സന്നമതാം തവാനനഗള—
ദ്ഗാനാമൃതാമൂർച്ഛയാ
ദ്രവ്യന്തേ ചിരവാസിനാം ദിവിഷദാ—
മാഘട്ടനാ സാധ്വസാൽ. 42

സാരം:അല്ലയോ അഖിലേശ്വരി, ഊഞ്ഞാലാട്ടക്കളികളിൽ കുതിച്ചാട്ടത്തിലുള്ള ഉത്സാഹത്താൽ അങ്ങുമിങ്ങും അതിദൂരം അകന്നകന്നുപോവുമ്പോഴും അവിടുത്തെ തൃക്കാൽത്താരു് ഭക്തിയോടുകൂടി നമസ്കരിച്ചും അവിടുത്തെ ഊഞ്ഞാൽപ്പാട്ടു കേട്ടു മയങ്ങിയും ഭൂമിയിൽ (അവിടുത്തെ സമീപത്തു)തന്നെ സ്ഥിരതാമസമാക്കിയ ദേവന്മാർക്കു് തലയിൽ തട്ടുമോ എന്ന ഭയം തോന്നുമാറു നടക്കുവെച്ചു ഭൂമിയിൽ തൊട്ടുതൊടാത്ത മട്ടിൽ വിരാജിക്കുന്നു.

മഞ്ജീരപ്രസരച്ചസാരസുഷമാ—
ത്രുപാ കളിന്ദാത്മജാ
സാമ്രമ്പായനഖാംശുസഞ്ചയമയീ
ഗംഗാ ച സംഗാമുകാ

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

ശോണഃ പാദരുചാഞ്ചയശ്ച മിളിതോ
യേന ത്വദഗ്രേ നതോ
മഞ്ജന്തീവ നമന്തി തത്ര മുനയ—
സ്സർവ്വേപി ശർവ്വാംഗനേ. 43

സാരം:—ഹേ ശിവപത്നീ, അവിടത്തെ തിരുമുമ്പിൽ തൃക്കാൽ ച്ചിലമ്പിൽനിന്നു പൊന്തുന്ന നീലമണിശോഭയോകുന്ന കാളിന്ദീനദി യും തെളിവെള്ളപ്പാന്ന നഖകാന്തിപ്പടപ്പായ ഗംഗാനദിയും സംഗമിച്ചു കൊണ്ടിരിക്കുന്നതിനാലും തൃപ്പാദപ്രഭയോടുകൂടിച്ചേന്നതായ ശോണ പ്പഴയും നമസ്കരിക്കുന്നതിനാലും അവിടെ—ആ ത്രിവേണീസംഗമ പുണ്യസ്ഥലമായ തൃക്കാല്പൂൽ മഹർഷിമാരെല്ലാം മുങ്ങിക്കുളിക്കുന്നു എന്നവിധം നമസ്കരിക്കുന്നു.

മഞ്ജീരാപ്പിതശക്രനീലശകല—
ശ്രീചഞ്ചളീകാഞ്ചിതം
രാജദ്ധേണുവിഭൂഷിതം പരമഹം—
സാളീഭിരാസേവിതം
തൽപാദാബ്ജസരോജമംഗുളിദള—
ച്ഛായാഭിരാഭാസുരം
വിഷ്വഗ്രോചിനഖാംശുജാലപയസി
സ്നാപ്തേ സമുദ്ഭോഭതേ. 44

സാരം:—അവിടത്തെ തൃപ്പാദാഗ്രമായ താമരപ്പൂവ്, തൃക്കാൽ ച്ചിലമ്പിൽ പതിച്ച നീലമണികളുടെ പ്രഭയോകുന്ന വണ്ടുകളം പാറി പ്പറന്ന ശോഭിച്ചും പരാഗപടലമണിഞ്ഞും സന്യാസിശ്രേഷ്ഠന്മാരായ അരയന്നങ്ങൾ സേവിച്ചുകൂടുന്നതും വിരലുകളാകുന്ന ഇതളുകളുടെ ശോഭയാൽ മിന്നുന്നതും എമ്പാടും പ്രഭ പരത്തുന്നതുമായി നിർമ്മല മായ നഖപ്രഭാപടലജലത്തിൽ ഏറ്റവും ശോഭിക്കുന്നു

മഞ്ജീരസ്വനമഞ്ജുവിഷ്ടിരരവേ—
തൽസംഗിനീലോപല—
ച്ഛായാരൂപതമോലവേ നഖമിഷാ—
ദക്ഷീണതാരാഗണേ
സന്ധ്യാരാഗനിഭേ സകാന്തിപടലേ
തൽപാദമൂലാത്മക-
പ്രത്യൂഷോപഗമേ ഹി ദേവി ലഭതേ
ലോകഃ പ്രബോധോദയം. 45

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

സാരം:—ഹേ ദേവി, തൃക്കാൽചിലമ്പൊലിയായ പക്ഷികളുടെ കളകളസ്വനവും അതിൽ പതിച്ച നീലമണികളുടെ കാന്തിയായ മറഞ്ഞുകഴിയാത്ത ഇരുൾത്തുണ്ടുകളും നഖങ്ങളെന്നു ഭാവിച്ചു മായാത്ത നക്ഷത്രങ്ങളും സ്വന്തം കാന്തിപ്പടപ്പായ അന്തിത്തുടപ്പും ചേർന്ന അവിടത്തെ തൃക്കാലടിയായ പുലരിപ്പൂപ്പാടിലാണല്ലോ ആളുകൾക്കു് ഉണവു് (അറിവും) ലഭിക്കുന്നതു്.

വിദ്യാമുക്തിരമാവധൂഷു നിതരാം
കാമാതുരാ മാനവാ—
സ്തൽപ്പാസ്പന്നഖകാന്തി ചന്ദനരസൈ—
രാലിപ്യഗാത്രം നിജം
തൽപാദാബ്ജരുചിപ്രവാളനിചിതേ
ഭൂമീതലേ ശേരതേ
നിത്യാ ദേവി ഭവൽകൃപാ പ്രിയസഖീ
വിശ്വാസതഃ കേവലം. 46

സാരം:—ഹേ ദേവി! വിദ്യ, മുക്തി, രമ ഈ വനിതകളിൽ അതിയായി ഭ്രമിച്ചവലയുന്ന മനുഷ്യർ സന്തപ്പന്മാരായി അവിടത്തെ തൃക്കാൽനഖകാന്തിയായ ചന്ദനച്ചാറു തങ്ങളുടെ മേലാകെ പൂശിക്കൊണ്ടു്, തൃക്കാൽ പൂവിന്റെ ശോഭയായ ഇളംതളിർ വിരിച്ചുവെറും നിലത്തു അവിടത്തെ കരുണയാകുന്ന ഏറ്റവും പ്രിയപ്പെട്ട ദൂതിയെമാത്രം വിശ്വസിച്ചുകൊണ്ടു് എന്നും കാത്തുകിടക്കുകയാണല്ലോ.

മഞ്ജീരകൂണിതൈഃ ക്ഷിപന്നിവ മുഹുഃ
ശ്രീമന്നഖാംശുദ്ഗമൈർ—
ദൈത്യേന്ദ്രം പ്രഹസന്നിവാരുണരുചാ
രുഷ്യന്നിവാസ്യൈ ർഭൃശം
ധീരായാം തവയി നിർവ്വികാരമനസി
തൽപാദ ഏവ സ്ഫുടം
പുഷ്ണൻ വൈരിവികാരമേഷ മഹിഷ—
ധ്വംസീ പരിത്രായതാം. 47

സാരം:—സ്ഥിരചിത്തയായ അവിടന്നു നിർവ്വികാരയായി (ഉദാസീനയായി) വാണരുളുമ്പോൾ അവിടത്തെ ഈ തൃക്കാൽതന്നെ മഹിഷാസുരനെ ചിലമ്പൊലികളാൽ തുടരെത്തുടരെ അധിക്ഷേപി

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

ക്കുന്നപോലെയും തെളിവുറ്റ നഖപ്രകേളാൽ ഭേദിക്കുന്നപോലെയും തുടശോഭയാൽ ആ അസുരനോടേറ്റവും കോപിക്കുന്ന പോലെയും, മഹിഷാസുരമർദകമായി പരിലസിച്ചുകൊണ്ട (ലോകത്തെ) പരിപാലിക്കട്ടെ!

ക്ഷിപ്രം ദേവി ശിരസ്യദേന മഹിഷം
പിഷ്ടാ തതോധഃപദം
ദിത്സന്ത്യാം തവയി കണ്ഠഭഞ്ജനഭിയാ
കണ്ഠീരവേ വിദ്വതേ
മേദിന്യാമപി ഭീതികമ്പിതതനൗ
പ്രേമത്വരാശാലിനാ
ശർവേണൈവ നിജാങ്കസീമ്നി നിഹിതം
പാദദ്വയം തേ ജയേൽ. 48

സാരം:—ഹേ ദേവി, തൃക്കാൽതലപ്പുകൊണ്ട മഹിഷാസുരനെ ഞൊടിയിടയിൽ ചവിട്ടി അരച്ചിട്ട് ഉടനെ ചവട്ടിലേയ്ക്ക തൃക്കാൽ ഊന്നാനവിട്ടന്നൊരുങ്ങിയപ്പോഴം വാഹനമായ സിംഹം കഴത്തൊടിക്കുമെന്ന ഭയന്ന് ഓടിപ്പോയപ്പോഴം, ഭൂമിദേവിപോലും ഭയപ്പെട്ട കിടുകിടാ വിറച്ചുതുടങ്ങിയപ്പോഴം—പ്രണയപാരവശ്യത്താൽ വെമ്പലാർന്ന ശങ്കരഭഗവാൻതന്നെ തന്റെ മടിത്തട്ടിൽ എടുത്തുവെച്ച അവിടത്തെ തൃക്കാലിണ ജയിക്കട്ടെ!

പൂർവ്വം ദേവി പദാംബുജേന മഹിഷ—
പ്രധ്വംസനാഭ്യാസതഃ
പശ്ചാൽ കൃസിതസുംഭദൈത്യവിജയോ—
പ്യേവം കൃതഃ കിം തവയാ
നോ ചേദ്ഭീതി കഥം കസുംഭവിജയീ
പാദാബ്ജദേശോയമി—
ത്യാലാപേ ഗിരിശസ്യ തദ്വിജയതേ
മന്ദസ്മിതം ദേവിതേ. 49

സാരം: —ഹേ, പ്രിയതമേ, പണ്ട നിന്റെ കാൽത്താരുകൊണ്ട മഹിഷനെ മർദ്ദിച്ച ശീലിച്ചതുകൊണ്ട പിന്നീട നീ കൃസിതനായ സുംഭാസുരനെ തോല്പിക്കലും അങ്ങിനെതന്നെ ചെയ്തില്ലേ? ഇല്ലെങ്കിൽ ഈ കാൽത്താർത്തലപ്പ് എങ്ങിനെയാണ് കസുംഭ(കൃസിതനായ

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

സംഭ്രമം ചപ്പുങ്ങം എന്ന ചായക്കുട്ടുമരവും) വിജയിയായി ശോഭിക്കുന്നതെന്ന ശിവന്റെ കൊഞ്ചൽമൊഴിയിൽ, അല്ലയോ മഹാദേവി, അവിടേയുണ്ടായ ആ പുഞ്ചിരിയുണ്ടല്ലോ, അതു സർവ്വോൽക്കർഷേണ വർത്തിക്കുന്നു!

ബിഭ്രാണേന മനോജ്ഞയാവകരസം
മഞ്ജ്വധ്വനിം നൂപുര—
ശ്ലേഷാലംകൃതിശാലിനാ നഖമണീ—
ജാതപ്രസാദശ്രിയാ
ഏകേനൈവ പദേന ദേവി മഹിഷ—
ധ്വംസേ മഹീയസ്സുര-
ശ്ലോകോയം രചിതസ്ത്വയേതി വിബുധാ—
സ്സംശ്ലാഘനം കുർവ്വതേ 50

സാരം:—ഹേ ദേവി, മനോഹരമായ അരക്കുചാറാകുന്ന രസ (കാവ്യരസ)വും തുക്കാലിൽ ചിലമ്പണിഞ്ഞു (ശ്ലേഷാലങ്കാരം) അതിന്റെ മഞ്ജ്വധ്വനിയും (ധ്വന്യാലങ്കാരം) ചേർന്ന നഖങ്ങളായ മുത്തുകളുടെ (പ്രസാദാലങ്കാരം) ശോഭയോടുകൂടിയ ഒറ്റക്കാൽ (ഒറ്റവാക്കും) കൊണ്ടുതന്നെ മഹിഷമർദ്ദനത്തിൽ ഏറ്റവും മഹത്തായ ഈ ശ്ലോകം (കീർത്തി പദ്യവും) അവിടുന്നു നിർമ്മിച്ചു എന്നു ദേവന്മാർ (വിദ്വാന്മാരും) പ്രശംസിക്കുന്നു. (ഇവിടെ രസം, (ചമൽക്കാരം) ധ്വനി, ശ്ലേഷാലങ്കാരം, പ്രസാദം ഇവയെല്ലാം പദ്യത്തിനും യോജിക്കും.)

ത്വം ശംഭോർമ്മഹിഷീ ഭവസ്യഗസുതേ
തേനോപഹാസായതേ
ദൈത്യോയം മഹിഷീ ഭവന്നുപഗത—
സ്സ്യോയം കഥം ക്ഷമ്യതേ
ഇത്ഥം നൂപുരനിസ്വനൈരിവ വദൻ
പാദസ്യദീയോ രുഷാ
ശസ്ത്രപ്രഗ്രഹണാൽ പുരൈവ മഹിഷം
പിഷ്ടൻ പരിത്രായതാം. 51

സാരം:—ഹേ ശ്രീപാർവ്വതീദേവി, അവിടുന്നു ശങ്കരഭഗവാന്റെ പട്ടമഹിഷിയാണല്ലോ. അതിനാൽ അവിടുത്തെ അപഹസിക്കാനായി ഈ അസുരൻ മഹിഷനായിച്ചമഞ്ഞു നേരിടുകയാണു; അങ്ങ

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

ന്നെയുള്ള ഇവനെ എങ്ങനെയാണു് വെറുതെ വിടുക എന്നിങ്ങനെ തൃക്കാൽച്ചിലമ്പൊലികളാൽ പുലമ്പിക്കൊണ്ടെന്നവണ്ണം അവിടത്തെ തൃക്കാൽ, കോപത്തോടുകൂടി യുദ്ധം ചെയ്യാൻ ആയുധമെടുക്കുന്നതിനു മുമ്പുതന്നെ മഹിഷാസുരനെ ചവിട്ടിയരച്ചു ചമ്മന്തിയാക്കിയതു ലോകരക്ഷയ്ക്കായി ഭവിക്കട്ടെ!

ദേവ്യാ പങ്കശയോദ്യ കോപി മഹിഷ–
ച്ഛദ്മാ മഹാൻ കണ്ടകഃ
പാദേനാഹത ഇത്യുദ്ധഹസിതം
സഖ്യാ സമാവേദിതേ
സദ്യഃ കണ്ടകശാലിനാ കരതലേ–
നാസാദ്യ പാദാംബുജം
ഗ്രഹ്ണന്നാത്തിവിനോദനായ ഗിരിശോ
ജീയാൽ പ്രിയസ്യേ ശിവേ. 52

സാരം:—ഇന്നു ചളിയിലാണ്ടപോത്തുപോലുള്ള ഒരു പെരുത്ത കണ്ടകം (മുള്ളു്) തമ്പുരാട്ടി തൃക്കാലിൽ ചവിട്ടി തറച്ചുകളഞ്ഞു എന്നിങ്ങനെ സഖി ഊറിച്ചിരിച്ചുകൊണ്ടു് ഉണർത്തിച്ചപ്പോഴും പെട്ടെന്നടുത്തു വന്ന രോമാഞ്ചം (മുള്ളും)കൊണ്ട തൃക്കൈത്തലത്താൽ അവിടത്തെ തൃക്കാൽത്താർമുള്ളെടുത്തുകളഞ്ഞു വേദന മാറ്റാനായി എടുത്തുപിടിച്ച അവിടത്തെ പ്രിയതമനായ ശിവൻ. അല്ലയോ, ശിവപത്നീ, നീണാൾ ജയിച്ചരുളട്ടെ!

തൽപാദാംഗുലിപല്ലവൈരഗസുതേ
ദേഹ സ്വയം പഞ്ചഭിഃ
പഞ്ചത്വം ഗമിതോ മഹാസുര ഇതി
സ്വാത്മാനരൂപം കൃതം
ഏതൈരേവ നതോ ജനസ്യിദശതാം
നീതോ മഹേശഃ പുനർ–
ല്ലക്ഷത്വം ഗമിതഃ പ്രസൂനധനുഷോ
വിസ്മാപനം തദ്വയം. 53

സാരം:—ഹേ ശ്രീപാർവ്വതീഭഗവതി, അവിടത്തെ തൃക്കാൽവിരൽക്കരുന്നകം പെറും അഞ്ചെണ്ണത്താൽ മഹിഷമഹാസുരൻ പഞ്ചത്വം (ശിഥിലമാക്കൽ) പ്രാപിച്ചു എന്നതു തങ്ങളുടെ എണ്ണത്തിനൊ

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

ർത്തവണ്ണം ചെയ്തതാണു്; (എന്നാൽ) ഈ തിരുവിരലുകളഞ്ചുകൊണ്ടു തന്നെ ആശ്രയിക്കുന്ന ആം ത്രിദശനായി (ദേവനായി, മുപ്പതു ആളുകളായെന്നും) തീരുന്നു; സാക്ഷാൽ മഹാദേവനാകട്ടെ, പഞ്ചശരന്റെ ലക്ഷ്യവും (ലക്ഷസംഖ്യാകനും) ആയിത്തീരുന്നു; ഈ രണ്ടു കാര്യവും ആശ്ചര്യജനകമാണു്.

ബ്രാഹ്മം മാഘവനഞ്ച വാഹനമഹോ
മന്ദൈർഗതൈർനിന്ദിതം
ധാവല്യേന നഖത്വിഷാ വിഹസിതോ
വാഹോപി മാഹേശ്വരഃ
ഇത്ഥം വാഹനവൈരിതാം ജ്ഞേതി തേ
പാദസ്തുതോ മന്മഹേ
കാത്യായന്യമുനാന്യഘാനി മഹിഷഃ
കാർത്താന്തവാഹദ്രമാൽ. 54

സാരം:—ഹേ ശ്രീപാർവ്വതീദേവി, ബ്രഹ്മാവിന്റെയും ദേവേന്ദ്രന്റെയും വാഹനം (അരയന്നവും ഐരാവതവും) ആശ്ചര്യകരമാം വണ്ണം മനോഹരമന്ദയാനത്താൽ തോല്പിക്കപ്പെട്ടു; തെളിവെള്ളപ്പുകൊണ്ടു തുക്കാൽനഖപ്രഭയാൽ മഹാദേവന്റെ വാഹനവും (വെള്ളത്തകാള) പുച്ഛിക്കപ്പെട്ടു; ഇങ്ങനെ വാഹനങ്ങളോടൊക്കെ എതിർപ്പു് അവിടത്തെ തുക്കാൽ നിലനിൽക്കുന്നു; അതിനാൽ ഞങ്ങൾ വിചാരിക്കുന്നു, കൃതാന്ത(യമ)ന്റെ വാഹനമാണെന്നു്. തെറ്റിദ്ധരിക്കപ്പെട്ടിട്ടാവാം മഹിഷാസുരൻ ഹനിക്കപ്പെട്ടതു് എന്നു്.

സീമന്തപ്രകരേ സുരേന്ദ്രസുദൃശാം
സിന്ദൂരരേഖാത്മനാ
മാണിക്യദ്യുതിസംജ്ഞയൈവ മകുടീ—
കോടീഷു ദൈത്യദ്രുഹാം
ശംഭോർമൂർദ്ധ്നി ജടാഘടാരുണരുചി—
വ്യാജേന പാദപ്രഭേ—
വൈകാ തേ പരിണാമമേതി കരുണാ—
മുത്തേ ഗിരീന്ദ്രാത്മജേ. 55

സാരം:—ഹേ കാരുണ്യം മൂർത്തിമത്തായ ശ്രീപാർവ്വതീദേവി, അപ്സരസ്സുന്ദരിമാരുടെ പുരുഴൽക്കെട്ടുകളിൽ സിന്ദൂരവരകുറിയായും

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

ദേവശ്രേഷ്ഠന്മാരുടെ കിരീടാഗ്രങ്ങളിൽ മാണിക്യരത്നപ്രഭയോയും ശങ്കരസ്വാമിയുടെ ശിരസ്സിൽ ചെഞ്ചിടക്കെട്ടകളുടെ ചെമ്പിപ്പായും കാണുന്നതെല്ലാംതന്നെ അവിടത്തെ തൃക്കാൽകാന്തിത്തുടപ്പൊന്നുതന്നെ പകർന്നതാണു്. (ഇവരെല്ലാം തൃക്കാലിൽ തല ചായ്ച്ചു നമസ്കരിക്കുന്നു എന്നു സാരം.)

നോ കേശഃ പരമാശ്രയസ്യമനസാം
പാദാബ്ജരേണുശ്ച തേ
നോ മന്ദാരസിതാ പരം സ്മിതരുചി–
മ്മഞ്ജീരയോശ്ച ദ്വയീ
നോ ബാഹ്വഃ കലഹംസമേത്യ ജയതി
തദ്ധ്യാനലീലാപ്യസൗ
നോ ശ്രോത്രേതരലാക്ഷമാനനമിദം
പാദാംബുജഞ്ചാംബികേ. 56

സാരം—ഹേ ലോകമാതാവേ, സുമനസ്സുകൾക്കു് (പൂക്കൾക്കും) ദേവന്മാർക്കും അവിടത്തെ കേശപാശംമാത്രമല്ല ആശ്രയമായിട്ടുള്ളതു്. (പിന്നെയോ?) അവിടത്തെ തൃക്കാൽപ്പൊടിയും ആശ്രയംതന്നെയാണു്; അവിടത്തെ പുഞ്ചിരിയ്ക്കോ മാത്രമല്ല, മന്ദാരസിത (മന്താരപ്പൂപോലെ വെളുത്തതും, മന്ദ=മനോഹരമായ ആരസിത=ആരവത്തോടുകൂടിയതു്)മായിട്ടുള്ളതു്. തൃക്കാൽച്ചിലമ്പിനയും മന്ദാരസിതമാണു്. അവിടത്തെ തൃക്കൈ മാത്രമല്ല, കലഹം, സമേത്യ=യുദ്ധത്തെ നേരിട്ടു ജയിക്കുന്നതു്; (പിന്നെയോ?) അവിടത്തെ ക്രീഡാടനവും കലഹംസത്തെ നേരിട്ടു ജയിക്കുന്നു; (ല,ളയോരഭേദഃ) ഈ തിരുമുഖം മാത്രമല്ല ശ്രോത്രേതരം=ശോഭിക്കുന്നതും, തരളവും, ചഞ്ചലവുമായ അക്ഷികളോടുകൂടിയതു്, (പിന്നെയോ?) തൃക്കാൽത്താരും ശ്രോത്രേതരമായ=ഏറ്റവും ശോഭിക്കുന്ന. ലാക്ഷ=അരക്കുകഴമ്പു് ചേർന്നതാണു്.

നാഥേ താവകവാഹസിംഹചകിതാ–
സ്സ്ഥൽപാദമൂലേ നതാ
നൂനം ബ്രഹ്മരഥ്രമുപ്രിയമുഖാ
ദിക്കുംഭിവീരാശ്ചിരം
നോ ചേദേഷ കഥം തദുന്നതശിര–
സ്സിന്ദൂരസന്ദോഹജോ
രാഗസ്സേ ചരണാംബുജേ പരിണമ–
ന്നദ്യാപി വിദ്യോതതേ. 57

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

സാരം:—ഹേ ലോകനാഥേ, ഐരാവതം മുതലായ ദിഗ്ഗജവീർ മാർ അവിടത്തെ വാഹനമായ സിംഹത്തെ ഭയന്നു് അവിടത്തെ തൃക്കാൽക്കീഴിൽ നമസ്കരിച്ചുകൊണ്ടു വളരെക്കാലമായി കിടന്നുരുളുക യാണെന്നു തോന്നുന്നു; അങ്ങനെയല്ലെങ്കിൽ ആ ആനകളുടെ ഉയർന്ന മസ്തകങ്ങളിലുള്ള നാഗലോഹക്കറകളിൽ നിന്നുണ്ടായ ഈ ചുകപ്പു നിറം അവിടത്തെ തൃക്കാൽത്താരിൽ പകർന്നു് ഇന്നും ശോഭിക്കുന്നതു് എങ്ങനെ?

തവൽപാദോയമജാശ്രിതശ്ച രുചിര—
സ്പർശാനുഗതോ യോഗിനാ—
മന്തസ്ഥാകൃതിരുഷ്മഗോക്ഷ മഹിഷ—
പ്രധ്വംസനപ്രക്രമേ
ഏവം ഖലുഖിലാക്ഷരാത്മകമമും
ശൈലേന്ദ്രകന്യേ കഥം
ഭാഷന്തേ നതവജ്രബന്ധുമപവ—
ർഗ്ഗാലംബനഞ്ചാംബികേ. 58

സാരം:—ഹേ പർവ്വതരാജപുത്രി, അവിടത്തെ ഈ തൃക്കാൽ അജാശ്രിതം = ബ്രഹ്മാവും ആശ്രയിക്കുന്നതു്, അച്യുതം = 'അ' മുതൽ 'ക'വരെയുള്ള അക്ഷരങ്ങളാശ്രയിക്കുന്നതും ആണു്. മനോഹരമായ മാർദ്ദവമുള്ള സ്പർശത്തോടു കൂടിയതാണു് = തൊടുമ്പോഴും മയമുള്ളതും സ്പർശം = 'ക' മുതൽ 'യ'വരെയുള്ള അക്ഷരങ്ങളോടുകൂടിയതുമാണു്. യോഗീന്ദ്രന്മാർക്കു് അകത്തു വിളങ്ങുന്ന ആകൃതിയും അന്തസ്ഥം = 'യ ര ല വ' എന്ന നാലക്ഷരാകൃതിയും ചേർന്നതാണു്. മഹിഷാസുര മർദ്ദനകാര്യത്തിൽ ഊഷ്മഗോക്ഷ = ഊഷ്മളവും (ചൂടേറിയതും) ഊഷ്മ ങ്ങളും = 'ശ ഷ സ ഹ' എന്ന നാലക്ഷരങ്ങളും ജീകരിക്കുന്നതുമാണു്; ഇങ്ങനെ എല്ലാംകൊണ്ടും അക്ഷരാത്മക (അനശ്വര) മായ = എല്ലാ അക്ഷരങ്ങളും കൂടിയതായ ഇതിനെ = ഈ തൃക്കാലിനെ നതവജ്ര (നമസ്കരിക്കുന്ന കുട്ടർ) ബന്ധു = 'ത'വർഗ്ഗബന്ധമില്ലാത്തതു് ആണെന്നും അപവർഗ്ഗ (മോക്ഷ)ത്തിന്നു് ആലംബനം = 'പ'വർഗ്ഗത്തിന്നു് ആലംബനമില്ലാത്തതു് ആയിട്ടുപോലും ജനങ്ങൾ എങ്ങനെയാണു് പറയുന്നതു്?

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

ഉന്മീലന്നഖമണ്ഡലീഹിമകണ—
ശ്ശോണപ്രഭാഗൈരികം
ബിഭ്രാണഃ പരിശോഭമാനകടകോ
ദ്ഭയോവനൈകാശ്രയഃ
ഗായൽസിദ്ധവധൂനിഷേവിതതലഃ
പാദസ്ഥലീയശ്ശിവേ
രാജത്യേഷ ഹിമാദ്രിപാദവദിദം
യുക്തം ഹിമാദ്രേസ്സുതേ. 59

സാരം:—ഹേ, ശിവപത്നീ, മിന്നിത്തിളങ്ങുന്ന നഖനിരകളായ ഹിമകണങ്ങളോടുകൂടിയും ചുകപ്പുനിറമായ കാവിമണ്ണണിഞ്ഞും ശോഭയേറിയ കടക (കാൽത്തളയും അദ്രിപൃഷ്ഠവും)ത്തോടുകൂടിയും അനവധി വനങ്ങൾക്കും പലവിധ അവന (രക്ഷണ)ങ്ങൾക്കും മുഖ്യാശ്രയമായും പാടി പാടുന്ന സിദ്ധസ്ത്രീകളാൽ സേവിക്കപ്പെടുന്ന തല (അഗ്രഭാഗവും പൃഷ്ഠദേശവും) ത്തോടുകൂടിയുമിരിക്കുന്ന അവിടത്തെ ഈ തൃപ്പാദം ഹിമവൽപർവ്വതത്തിന്റെ പാദം (പൃഷ്ഠം) പോലെ ശോഭിക്കുന്നു. അല്ലയോ ഹിമവൽപ്പുത്രി, ഇതു ചേർച്ചയാണല്ലോ.

ദിക്പാലൈർദശഭിഃ പൃഥക് പൃഥഗയം
ത്വൽപാദയോരർപ്പിതോ
ദൃശ്യോ ഭക്ത്യനുരാഗ ഏവ ദശധാ
ശോണാംഗുലിശ്രീമിഷാൽ
പാദാഭ്യാമപി താൻ പ്രതി പ്രകടിതാ
നൂനം പ്രസാദാങ്കുരം
ദൃശ്യന്തേ നഖകാന്തിപംക്തിദശക—
വ്യാജേന ശൈലാത്മജേ. 60

സാരം:—ഹേ ഹിമവൽപുത്രി, പത്തു ദിക്പാലന്മാരാലും വെവ്വേറെ അവിടത്തെ തൃപ്പാദങ്ങളിൽ തിരുമൽക്കാഴ്ച വെച്ച ഭക്ത്യനുരാഗരൂപങ്ങൾതന്നെയാണു് ചെന്തളിർത്തിരുവിരലുകളെന്ന ഭാവത്തിൽ പത്തെണ്ണമായി ഈ കാണാകുന്നതു്; അതുപോലെ അവിടത്തെ തൃപ്പാദങ്ങളാലും അവരുടെ നേർക്കു പ്രകടിപ്പിക്കപ്പെടുന്ന പ്രസന്നഭാവങ്ങൾ ഉദിക്കുന്നതാവും തിരുനഖനിരയുടെ തെളിമകൊ പത്തെണ്ണമായിച്ചമഞ്ഞു കാണപ്പെടുന്നതും.

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

മേഘാനാം കുലിശസ്യ ച പ്രതിഹതാ
ധാരാഃ ക്രമന്താം ചിരം
നോ നശ്യേന്മദദാനവാരിവിഭവോ
നാകസ്യ നാഗസ്യ ച
പുത്രോയം മമ സൈനികാശ്ച ദധതാം
നിത്യം ജയന്തസ്സുഖം
തൽപാദാംബുജപാതിനസ്സുരപതേ—
രിത്ഥം ജയത്യത്മനാ. 61

സാരം:— കാർമേഘങ്ങളുടെയും വജ്രായുധത്തിന്റെയും ധാരകളും=വഷ്ധാരയും ആയുധമുപ്പും അപ്രതിഹതമായി=മുടക്കവും മടക്കവും കൂടാതെ വളരെക്കാലം നിലനില്ലട്ടെ; സ്വർഗ്ഗത്തിലും ഐരാവതത്തിന്നും ദേവന്മാക്ക ഹർഷസമ്പത്തും ആനന്ദമദം പൊട്ടിയൊലിക്കലും നാശമടയരുത്"; എന്റെ ജയന്തനായ ഈ മകനും ജയശാലികളായ സൈന്യങ്ങളും എന്നും സുഖിച്ചു വാഴട്ടെ; എന്നിങ്ങനെയുള്ള അവിടുത്തെ തൃക്കാൽത്താരിൽ നമസ്കരിക്കുന്ന ദേവേന്ദ്രന്റെ പ്രാർത്ഥന ജയിക്കുന്നു.

ആജ്യാസക്തകരൈർദ്വിജന്മഭിരഹം
ഹ്വയേയ നോ ദാനവൈഃ
സ്വാഹാരോചിതമസ്തു പാശ്വമനിശം
താർക്ഷ്യേ ഹവ്യം ലഭേ
രക്ഷാവാനിതി ഭ്രുതിമാനിതി ച മേ
ശംബുപ്രസിദ്ധ്യാ ശിവേ
നോപേക്ഷ്യോഹമിതി ത്വദംഘ്രിനമനേ
ജീയാസുരഗ്നേർഗിരഃ 62

സാരം:—അല്ലയോ ശിവപത്നി, നൈ കയ്യിലേന്തിയ ബ്രാഹ്മണരാൽ ഞാൻ ഹോമിക്കപ്പെടണം; അസുരന്മാരാൽ ആജ്യാസക്തകരന്മാരായി = ആജിയിൽ (യുദ്ധത്തിൽ ആസക്തകരന്മാർ) ഞാൻ ആഹ്വാനം (പോക്കവിളി) ചെയ്യപ്പെടരുത്"; എന്റെ സമീപത്തെപ്പോളും സ്വാഹാ (എന്റെ ഭാര്യ) ശോഭിക്കണം. =സ്വാഹാകാരം എപ്പോളുമുണ്ടാകണം. സ്വാഹാസഹിതമായ ഹവിസ്സ് എനിക്ക കിട്ടിക്കൊണ്ടിരിക്കുകയും വേണം. രക്ഷ (സംരക്ഷയും ചാണകവരട്ടിയും)

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

യുള്ളവനെന്നും ഐശ്വര്യമുള്ളവനെന്നും (ഭസ്മമുള്ളവനെന്നും) എന്റെ ശബ്ദം പരക്കയാൽ അവിടന്നെന്നെ വെടിയരുതേ എന്നിങ്ങനെയുള്ള അവിടത്തെ തൃക്കാൽ വണങ്ങുമ്പോളത്തെ അഗ്നിയുടെ വാക്കുകൾ ജയിക്കട്ടെ!

തവദ്ഭക്തോഘബുദ്ധിപൂർവ്വലിഖിതം
സ്യാച്ചേൽ ക്ഷമേഥാശ്ശിവേ
കാന്തസ്യേ മയി രോഷവാൻ കരു പുന—
സ്സസ്യാർദ്രഭാവം ശനൈഃ
ദേവി ത്വം മഹിഷാഭിഹന്ത്രി ചകിതം
ത്രായസ്വ മേവാഹനം
കാലസ്യേതി ജയന്തി തേ പദനതൗ
ലോലസ്യ സംപ്രാർത്ഥനാഃ. 63

സാരം:—ഹേ ശിവപത്നീ, അവിടത്തെ ഭക്തന്മാരിൽ കുറ്റം ചുമത്തി ആലോചന കൂടാതെ വല്ലതും എഴുതിപ്പോയിട്ടുണ്ടെങ്കിൽ അതെല്ലാം ക്ഷമിക്കണേ; അവിടത്തെ ഭർത്താവ് എന്നിൽ കോപിക്കുന്നവനാണ്. ഇനി അവിടുന്നായിട്ട് പതുക്കെക്കൊണ്ട് അതൊന്ന് അയവാക്കിത്തരണേ; അല്ലയോ മഹിഷമർദ്ദിനിയായ മഹാദേവി, അവിടുന്നു ഭയവിഹ്വലനായ എന്റെ വാഹനത്തെ (മഹിഷത്തെ) രക്ഷിക്കണേ എന്നിങ്ങനെ അവിടത്തെ തൃക്കാൽവണങ്ങലിൽ യമന്റെ കിഴിഞ്ഞുള്ള അപേക്ഷകൾ ജയിക്കുന്നു.

ധർമ്മാചാരപരോഹമിത്യവമതോ
രക്ഷോഭിരേകാന്വയൈ—
ർമ്മഹ്യം ദേവി വിനിന്ദിതാം ദിശമദൂർ—
ജാതിദ്വിഷശ്ചാമരാഃ
ദൈവാദിത്യഭയച്യുതോ വിശരണോ
രക്ഷ്യോഹമിത്യാദയ—
സ്ത്വൽപാദപ്രണതൗ ജയന്തി നിരൃതേ—
രത്യാകുലാഃ പ്രാർത്ഥനാഃ 64

സാരം:—ഹേ ഭഗവതി, ഞാൻ സദാചാരനിരതനായ കാരണത്താൽ ഒരേ വംശക്കാരായ രാക്ഷസരാൽ അവമാനിക്കപ്പെട്ടവനായി; വർഗ്ഗവിദ്വേഷികളായ ദേവന്മാരാകട്ടേ എനിക്കു ചീത്തപ്രദേശമാണ്

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

പാലനത്തിന്നായി നീക്കിവെച്ചതും; ഇങ്ങനെ ഭാഗ്യദോഷത്താൽ രണ്ടിടത്തും സ്ഥാനമില്ലാതെ സഹായമാരുമില്ലാത്ത എനിക്കു് അവിടുന്നമാത്രമേ ആശ്രയമുള്ള എന്നു തുടങ്ങി അവിടത്തെ തൃക്കാൽവണക്കത്തിൽ നിരൃതി എന്ന ദിക്പാലന്റെ ഏറ്റവും സങ്കടത്തോടുകൂടിയ ആവലാതികൊം ജയിക്കുന്നു.

മൽപുത്ര്യാ മമ വാ മുകുന്ദഗൃഹതാ—
ഭാഗ്യം ന സംക്ഷീയതാം
മാഹം പായിഷി കംഭജേന മുനിനാ
കല്പാന്തസൂര്യേണ വാ
ദ്വേധാ മേ സുരവാഹിനീദയിതതാ
സാധു ത്വയാ രക്ഷ്യതാം
ത്വൽപാദാംബുജപാതിനോ ജലപതേ—
രിത്ഥം ജയന്ത്യത്നാഃ 65

എന്റെ മകനാക്കോ (ശ്രീഗവതിക്കോ) എനിക്കോ വിഷ്ണുഗവാന്റെ ഗൃഹം=ഭാര്യയും ഭവനവും ആവുക എന്ന ഭാഗ്യം ഇല്ലാതാവാതിരിയ്ക്കട്ടെ; അഗസ്ത്യമഹർഷിയോ പ്രളയകാലാദിത്യനോ എന്നെ കുടിച്ചുവറ്റിക്കരുതു്; രണ്ടുപ്രകാരത്തിലുമുള്ള എന്റെ സുരവാഹിനീദയിതത=സുരസൈന്യനായകത്വവും സ്വർഗ്ഗംഗാവല്ലഭത്വവും അവിടുന്നു വേണ്ടംവണ്ണം നിലനിത്തിത്തരണം. അവിടത്തെ തൃക്കാൽത്താരിൽ വീണുകിടക്കുന്ന വരുണന്റെ ഇങ്ങനെയുള്ള അപേക്ഷകൊം ജയിക്കുന്നു.

വിശ്വപ്രാണമയീ ത്വമേവ മമ തു
പ്രാഹുർജ്ജഗൽപ്രാണതാം
സ്വസ്യാപി സദാഗതിർഹി ഭവതീ
മാമേവമാഹുർജ്ജനാഃ
ലജ്ജാപാദകമീദൃശം ജനനിനഃ
കിം കമ്മഹോ പാഹി മാ—
മിത്യേവം പവനസ്യ തേ പദനതൗ
വാചോ ജയന്ത്യാകുലാഃ 66

സാരം:—അല്ലയോ ലോകമാതാവേ, സകല ലോകചൈതന്യസ്വരൂപിണി അവിടുന്നതന്നെയാണു്. എന്നാൽ, എനിക്കു ജഗൽപ്രാണൻ=സ്വസ്ഥ ചരാചരങ്ങളുടെയും പ്രാണവായു എന്ന സ്ഥാനം

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

കല്പിച്ചിരിക്കുന്നു. എല്ലാവക്കും എപ്പോളും ആശ്രയം അവിടുന്നാണല്ലോ; എന്നെയും ജനങ്ങളങ്ങനെ, സദാഗതി=എപ്പോളും ഇളകിക്കൊണ്ടിരിക്കുന്നവൻ എന്നു പറയുന്നു; ഈ സമ്പ്രദായമൊക്കെ എനിക്കു ലജ്ജാവഹമാണു്. ഞാനെന്താണു് ചെയ്യേണ്ടതു്? എന്നെ രക്ഷിക്കണേ! എന്നിപ്രകാരം വായുവിന്റെ അവിട്ടത്തെ തൃക്കാൽ കമ്പിടുമ്പോളത്തെ ആവലാതിവാക്കുകളും ജയിക്കുന്നു.

ശംഖോല്ലാസിഗളോജ്ജ്വലേ സമകരേ
പദ്മേന കന്ദസ്ഥിതേ
പാദാഗ്രാഹ്വതകല്പവേ മുഖമഹാ—
പദ്മേ മുകുന്ദാശ്രിതേ
ഇത്യസ്സന്നിധിഗാത്രി നീലനയനേ
ചച്ചാത്മികേ പാഹി മാ—
മിത്ഥം പാദനതിശ്രിവേ വിജയതേ
സഖ്യുഃ കുബേരസ്യ തേ. 67

സാരം:—ശംഖുപോലെ വിലസുന്ന കണ്ണുത്താൽ ശോഭിച്ചും താമരപ്പൂവൊത്ത കരങ്ങളോടുകൂടിയും മുല്ലപ്പൂപോലെ പുഞ്ചിരിച്ചും ആമപ്പുറം ആദരിക്കുന്ന പുറംകാലടിയോടുകൂടിയും ചെന്താമരപ്പൂവൊത്ത മുഖത്തോടുകൂടിയും മഹാവിഷ്ണുകൂടി ആശ്രയിച്ചും നീലനിറമാർന്ന തൃക്കണ്ണുകളോടുകൂടിയും ഇങ്ങിനെ പലവിധ ചച്ച്(വിചാരണ)യ്ക്കുടിസ്ഥാനമായ സ്വരൂപത്തോടുകൂടിയും (ചന്ദനാദി കറിക്കൂട്ടുകളണിഞ്ഞും) ഇരിക്കുന്നതിനാൽ: ഇങ്ങിനെയുള്ള എന്റെ നിധികളൊക്കെ ശരീരത്തിലുള്ള അല്ലയോ ശിവപത്നീ, എന്നെ കാത്താലും എന്ന അവിട്ടത്തെ ചങ്ങാതിയായ കുബേരന്റെ തൃക്കാൽവന്ദനം വിജയിക്കുന്നു.

സന്നാമേഷ്വ ഭവൽപദാംബുജനഖ—
ച്ഛായാം ജടാസംഗിനീം
ഗംഗേത്യാളിജനാ വദന്തി വിതഥം
മാ ഭ്രൂർമൃധാ കോപിനീ
ദൃഷ്ടിമ്മയ്യയി ദീയതാം പരുഷമ—
പ്യേകം വചോ ദീയതാ—
മീശാനസ്യ ഭവാനി തേ പദനതാ—
മിത്ഥം ജയത്യത്തനാ. 68

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

സാരം:—അല്ലയോ പ്രിയതമേ, ഭവതിയുടെ പ്രണയകോപശമനത്തിന്നായി ഞാൻ നമസ്കരിക്കുമ്പോളെല്ലാം ഭവതിയുടെ കാൽത്താരിലെ നഖങ്ങളുടെ പ്രതിബിംബം എന്റെ ജടയിൽ പതിഞ്ഞു ഗംഗയാണതെന്നു തോഴികൾ തെറ്റിപ്പറയുകയാണു; അതു കേട്ടു വെറുതേ കോപിക്കരുതേ! എന്റെ നേക്കൊന്നു നോക്കൂ. മറുത്ത ഒരു വാക്കെങ്കിലും പറയൂ. അല്ലയോ ഭഗവാന്റെ പ്രിയതമേ, തന്തിരുവടിയുടെ തൃക്കാൽനഖങ്ങൾ വീഴലിൽ ഇങ്ങനെയുള്ള അപേക്ഷകം ജയിക്കുന്നു.

നാഭീതോ ഭവമാദിതസ്സ്വ ബലാൽ
പശ്ചാദഭീതോസ്മ്യഹം
ത്ര്യക്ഷേണ ത്രിമുഖീകൃതോപി ചതുരാ—
സ്യോഹം തവൈവ സ്തവൈഃ
തപം വിശ്വാത്മതയോപജന്യനപുനഃ
സ്രഷ്ടാരമാഖ്യാഹി മാ—
മിത്ഥം ദേവി ജയന്തിതേ പദനതൗ
വാണീപതേസ്ത്രാണയഃ 69

സാരം;—ഞാൻ (സൃഷ്ടിയുടെ) മുമ്പു (മഹാവിഷ്ണുവിന്റെ) നാഭിയിൽനിന്നു ഉത്ഭവിച്ചു (നാഭീതൻ = അഭീതനല്ലാതെ, ഭീതനായിട്ടുതന്നെ— വിഷ്ണുകർണ്ണോൽഭ്രതരായ മധുകൈടഭരെക്കണ്ടു ഭയപ്പെട്ടു ഉത്ഭവിച്ചു എന്നും) ഭവതിയുടെ ശക്തികൊണ്ടു (ഭവതിയെ സ്തുതിച്ചതുകൊണ്ടുണ്ടായ ശക്തികൊണ്ടോ) പിന്നീടു അഭീതനായിരിക്കുന്നു. മുക്കണ്ണനാൽ മുമ്മുഖനാക്കിത്തീർക്കപ്പെട്ടിട്ടും ഭവതിയെ സ്തുതിക്കയാൽത്തന്നെ ഞാൻ ചതുരാസ്യൻ (നാന്മുഖനും = നല്ല മുഖനും) ആയി. ഭവതി സകല ചരാചരസ്വരൂപിണിയായി ഭവിച്ചിട്ടു പിന്നെയും സൃഷ്ടികർത്താവായി എന്നെ പറയാതിരിക്കേണമേ എന്നിങ്ങനെ, അല്ലയോ സർവ്വേശ്വരി, അവിടുത്തെ തൃക്കാൽവണങ്ങലിൽ ബ്രഹ്മാവിന്റെ സ്തുതിവാക്കുകൾ ജയിക്കുന്നു.

ആശീരസ്മി മുഖേ വിഡംബയതി മാം
ത്രയോപി ചാശീസ്പൃഹാ
ഭോഗാസ്സന്തി സഹസ്രധാ പുനരഹം
ഭോഗാൻ കഥം പ്രാർത്ഥയേ

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

ശേഷോഹം സ്പൃഹയാമ്യശേഷസുഖമി—
ത്യേതച്ച ഹാസാസ്പദം
നാഥേ ചിന്തയ സപ്തമിത്യഹിപതേ—
സ്ഖലൽപാദപാതോ ജയേൽ. 70

സാരം:—അല്ലയോ ലോകനാഥേ, എന്റെ മുഖത്തു് ആശിസ്സുണ്ടു് = നാവിൽ ആശംസയും വായിൽ വിഷപ്പല്ലും—; എന്നിട്ടു പിന്നെയും ആശിസ്സിന്നുള്ള (ആശംസയ്ക്കുള്ള) മോഹം എന്നെ പരിഹാസ്യനാക്കിത്തീർക്കുന്നു; ഭോഗങ്ങൾ = ധനങ്ങളും പത്തികളും ആയിരക്കണക്കിലുണ്ടു്; പിന്നെയും ഞാൻ ഭോഗങ്ങളെ എങ്ങനെ പ്രാർത്ഥിക്കും? ശേഷ (അനന്ത)നായ ഞാൻ അശേഷസുഖം = എല്ലാ സുഖവും, ശേഷയോഗ്യമല്ലാത്ത സുഖവും കൊതിക്കുന്നു. എന്നതും പരിഹാസ്യജനകമാണു്; അവിടുന്നതന്നെ എല്ലാം ആലോചിച്ചു് എന്നെ വേണ്ടവഴിക്കാക്കിത്തരണം എന്ന നിലയിൽ സപ്പ്രാജാവായ അനന്തന്റെ തൃക്കാല്പൽവീഴൽ ജയിക്കട്ടെ.

പാവ്വത്യാഃ പദമത്ര ദൃശ്യമിതി വാ
പാദേ ഭവേത്വേന വാ
സാധുത്വാത്തദുപാസ്തയേഹിത തയാ
പദ്യാന്യമൂനി സ്ഫുടം
സൈഷാ മുക്തിപുരീ ഗിരീന്ദ്രതനയാ
ഭക്ത്യേതന നാരായണേ—
നാബദ്ധാ ഖലു സപ്തതിർദിശതു വഃ
കല്യാണഹല്ലോഹലം. 71

സാരം:—ശ്രീപാവ്വതിയുടെ തൃപ്പാദം ഇതിലെല്ലായിടത്തും കാണാമെന്നതുകൊണ്ടോ പാദത്തിങ്കൽ ഭവിക്കുന്നതു = പാദത്തെപ്പറ്റി പ്രതിപാദിക്കുന്നതു എന്നതുകൊണ്ടോ തൃപ്പാദപ്രാപ്തിക്കു് അർഹമായതുകൊണ്ടോ, തൃപ്പാദോപാസനയ്ക്കു് ഉചിതമായതുകൊണ്ടോ ഈ സ്തോത്രങ്ങളെല്ലാം സ്പഷ്ടമായും പദ്യങ്ങളാണു് = പദാഹ്ങ്ങളാണു്. അങ്ങനെയുള്ള ഈ എഴുപതു സ്തുതികളും മുക്തിസ്ഥല (മുക്കുതല) വാസിനിയായ ശ്രീപാവ്വതീഭഗവതിയുടെ ഭക്തനായ നാരായണനാൽ (മേപ്പത്തൂർ നാരായണഭട്ടതിരിയാൽ) രചിക്കപ്പെട്ടതാകട്ടെ, നിങ്ങൾക്കേവക്കും മംഗളങ്ങളുടെ അഹമഹമികയാ പ്രദാനം ചെയ്യട്ടെ!

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

മൂകതിസ്ഥലഷോഡശസ്തോത്രം

കേശാദിപാദവർണ്ണനം

സിന്ദൂരാരുണമുജ്ജ്വലം നയനയോ—
രാനന്ദസന്ദോഹനം
വിശ്വവ്യാപിമനോരമം കലയതാം
സന്താപവിധ്വംസനം
തേജോമണ്ഡലമാത്മനി സ്ഫുരതു മേ
ഭ്രേയസ്സദന്തർഗ്ഗതം
ലാവണ്യായതനം സ്വരൂപമപി തേ
മൂകതിസ്ഥലസ്ഥേ ശിവേ! 1

സാരം:—ഹേ മൂകതലഭഗവതി, അവിടത്തെ തൃക്കണ്ണുകളിൽ പ്രകാശിക്കുന്നതും ആനന്ദത്തെ പ്രദാനം ചെയ്യുന്നതും എല്ലാവരുടെയും മനസ്സിനെ രമിപ്പിക്കുന്നതും ധ്യാനിക്കുന്നവരുടെ സന്താപത്തെ നിശ്ശേഷം ശമിപ്പിക്കുന്നതുമായ സിന്ദൂരാഞ്ജനമാകുന്ന തേജഃപുഞ്ജം എന്റെ മനസ്സിൽ പ്രകാശിക്കട്ടെ! പിന്നീട് ആ തേജസ്സിന്റെ ഉള്ളിലുള്ളതും സൗന്ദര്യത്തിന്റെ ഇരിപ്പിടവുമായ അവിടത്തെ രൂപവും മനസ്സിൽ പ്രകാശിക്കട്ടെ!

ഉദ്യദ്ഭാസ്കരകോടിസുപ്രഭേന—
ഘ്വാനേകരത്നാവലീ—
രാജച്ചന്ദ്രകലാവിരാജിമകുടം
ഹൈമം നിസഗ്ഗോജ്ജ്വലം
ആനീലം പൃഥുകുഞ്ചിതാഗ്രമമലം
കല്പപ്രസൂനാഞ്ചിതം
സ്നിഗ്ധം തേ കബരീഭരേഞ്ച കലയേ
മൂകതിസ്ഥലസ്ഥേ ശിവേ! 2

സാരം:—ഹേ മൂകതിസ്ഥലേശ്വരി, അനേകം സൂര്യന്മാർ ഒന്നിച്ചുദിച്ചുവരുന്നതുപോലെ പ്രഭയുള്ളതും വിലമതിക്കാൻ കഴിയാത്ത രത്നങ്ങളെക്കൊണ്ട് ശോഭിക്കുന്നതും, ചന്ദ്രക്കലകൊണ്ട് പ്രത്യേകം

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

ശോഭിക്കുന്നതും മററലങ്കാരങ്ങളും ഒന്നുമില്ലെങ്കിൽത്തന്നെ സ്വാഭാവികമായി ശോഭിക്കുന്നതുമായ സുഷ്ണകിരീടത്തെയും തടിച്ചതും കറുത്തതും തല ചുരുണ്ടതും കല്പകവൃക്ഷപുഷ്പങ്ങളെക്കൊണ്ടു് അലങ്കരിച്ചതും മിനുമിനുത്തതുമായ തലമുടിയെയും ഞാൻ ധ്യാനിക്കുന്നു.

അർദ്ധേന്ദുപ്രതിമേ ലലാടഫലകേ
നീലാളകാലംകൃതേ
കസ്തൂരീതിലകം വിലാസചതുരം
ചാനംഗചാപോപമം
ഭ്രുവല്ലീയുഗളം സമുന്നതമതി—
സ്വച്ഛം ച നാസാപുടം
രാജന്മൗക്തികരത്നമംബ കലയേ
മുക്തിസ്ഥലസ്ഥേ ശിവേ! 3

സാരം:—ഹേ മുക്തിസ്ഥലേശ്വരീ, ചന്ദ്രക്കല പോലെയുള്ളതും കറുനിരകളെക്കൊണ്ടു് അലങ്കരിച്ചതുമായ നെറ്റിയിൽ ഭംഗിയിലണിഞ്ഞ കസ്തൂരീതിലകത്തെയും കാമന്റെ വില്ലുപോലുള്ള പുരികത്തെയും ഉയർന്നതും നിർമ്മലവുമായ നാസികയേയും ഞാൻ ധ്യാനിക്കുന്നു.

ലീലാചഞ്ചലമഞ്ജനാഞ്ചിതമതീ—
താലോകലീലാലവ—
പ്രധ്വസ്താനതഭ്രരിതാപനികരം
വിസ്ഫീർണ്ണമത്യായതം
സ്നിഗ്ധശ്യാമളപക്ഷ്മപക്ഷ്മിനയന—
ദ്വന്ദം ദയാവാരിധേ
ദീനേ പാതയ മയ്യനന്യശരണേ
മുക്തിസ്ഥലസ്ഥേ ശിവേ! 4

സാരം:—ഹേ മുക്തിസ്ഥലേശ്വരീ, ദയാനിധേ, കളിയായി ഇളകിക്കൊണ്ടിരിക്കുന്നതും അഞ്ജനമെഴുതിയതും കഴിഞ്ഞ കാര്യത്തെ നോക്കുന്നപോലുള്ള ലീലാലോകംകൊണ്ടു വല്ലതായ ഭക്തന്മാരുടെ സന്താപത്തെ നശിപ്പിക്കുന്നതും മിനുത്ത ഇരുനിറമുള്ള പോളകളോടു കൂടിയ തുക്കണ്ണുകളും രണ്ടും ദീനനും മററാശ്രയമില്ലാത്തവനുമായ എന്നിൽ പതിപ്പിക്കണേ!

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

ഗണ്ഡൗ വിദ്രുമദർപ്പണാഭവിമലൗ
ഗോരോചനാലംകൃതൗ
കർണ്ണോത്ഭാസിതരത്നകുണ്ഡലരുചാ
വിഭ്രാജിതൗ കോമളൗ
ബന്ധൂകപ്രസവാരുണാധരപുടം
കുന്ദാഭദന്താവലീ—
വിഭ്രാജച്ചിബുകം ച ദേവി കലയേ
മുക്തിസ്ഥലസ്ഥേ ശിവേ. 5

സാരം:—ഹേ മുക്തിസ്ഥലേശ്വരീ, പവിഴം, കണ്ണാടി മുതലായവയെപ്പോലെ നിർമ്മലങ്ങളും ഗോരോചനം കൊണ്ടലങ്കരിച്ചവയും കാതുകളിൽ ചാർത്തിയ കുണ്ഡലങ്ങളുടെ ശോഭ പ്രതിഫലിക്കുന്നവയും മനോഹരങ്ങളുമായ കവിളുകളെയും ബന്ധൂകപ്പൂപോലെ ചുവന്ന അധരങ്ങളേയും മുല്ലമൊട്ടു പോലുള്ള പല്ലുകളെക്കൊണ്ടു ശോഭിക്കുന്ന താടിയേയും ഞാൻ ധ്യാനിക്കുന്നു.

ഭാസദ്രത്നകിരീടകുണ്ഡലയുഗ—
ശ്ലിഷ്യേയകോത്ഭാസിതേ
വക്ത്രേന്ദൌ നിജകാന്തിതൃഷ്കിത പരി—
ഷ്കാരേ മനോനന്ദനേ
രാജന്തീം സ്മിതചന്ദ്രികാം നതജനാ—
ന്തസ്താപനിർമ്മൂലിനീം
നിത്യം ചേതസി ഭാവയാമി വരദേ
മുക്തിസ്ഥലസ്ഥേ ശിവേ! 6

സാരം:—ഹേ മുക്തിസ്ഥലേശ്വരീ, വരദായിനി, രത്നഖചിതങ്ങളായ കിരീട കുണ്ഡല കണ്ണാരേണങ്ങളെക്കൊണ്ടു ശോഭിക്കുന്നതും തന്റെ സ്വാഭാവികകാന്തികൊണ്ട് ആഭരണ കാന്തിയെ മന്ദീഭവിപ്പിക്കുന്നതും മനോഹരവുമായ മുഖചന്ദ്രനിൽ ശോഭിക്കുന്നതും നമസ്കരിക്കുന്നവരുടെ മനസ്താപത്തെ നിർമ്മൂലം നശിപ്പിക്കുന്നതും സ്മിത ചന്ദ്രികയെ (ചന്ദ്രികപോലുള്ള മന്ദഹാസത്തെ) ഞാൻ പതിവായി മനസ്സിൽ ധ്യാനിക്കുന്നു.

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

കസ്തൂരീഘനസാരകുങ്കുമമുഖൈ—
രാലേപനൈ രഞ്ചിതം
ശ്രൈവേയൈശ്ച നീരന്തരംമണിമയൈർ—
മംഗല്യസൂത്രോജ്ജ്വലം
രേഖാഭിസ്ത്രിഭിസ്ത്രിഭിസ്ത്രിഥാ വിലസിതം
ചാരുസ്വരം ബന്ധുരം
കണ്ഠം തേ കലയാമി ഗീതിനിപുണേ
മുക്തിസ്ഥലസ്ഥേ ശിവേ! 7

സാരം:—ഹേ മുക്തിസ്ഥലേശ്വരി, ഗീതിനിപുണേ, കസ്തൂരി മുതലായ സുഗന്ധദ്രവ്യങ്ങളെക്കൊണ്ടും രത്നമയങ്ങളായ കണ്ഠാഭരണങ്ങളെക്കൊണ്ടും മംഗല്യസൂത്രംകൊണ്ടും മുന്നു രേഖകളെക്കൊണ്ടും ശോഭിക്കുന്നതും മനോഹരശബ്ദത്തോടുകൂടിയതുമായ ഭഗവതിയുടെ കണ്ഠത്തെ ഞാൻ ധ്യാനിക്കുന്നു.

കേയൂരാദിവിചിത്രദൃഷ്ണതരാൻ
രത്നാംഗുലീയപ്രഭാ—
രാജൽപാണിതലാൻ ധൃതൈക്ഷവധനുഃ—
പുഷ്പേഷുപാശാങ്കുശാൻ
ആനത്രാഭയദാൻ ശിരീഷമൃദുലാ—
നാലേപനൈരഞ്ചിതാൻ
ബാഹൂനുദ്വഹനി മേ നിധേഹി സദയം
മുക്തിസ്ഥലസ്ഥേ ശിവേ! 8

സാരം:—ഹേ മുക്തിസ്ഥലേശ്വരി, കേയൂരാദികളെക്കൊണ്ടു ദൃഷ്ടിതങ്ങളും മോതിരങ്ങളാൽ ശോഭിക്കുന്ന വിരലുകളോടു കൂടിയതും കരിമ്പുവില്ല്, പുഷ്പശരം, കയറു്, തോട്ടി ഇവയെ ധരിച്ചിട്ടുള്ളവയും ആശ്രയിക്കുന്നവർക്കു് അഭയം നല്കുന്നവയും വാകപ്പൂപോലെ മൃദുലങ്ങളും ചന്ദനാദി പൂശിയവയുമായ തൃക്കൈകളെ ദയയോടുകൂടി എന്റെ ശിരസ്സിൽ വെയ്ക്കണമേ!

നിഷ്കം ബാഹുലതാന്തരേ മണിഗണൈ—
രാകീർണ്ണമത്യുത്കടം
ഹാരം ചാപി മനോഹരം മണിമയീം
മാലാം തഥാ കാഞ്ചനീം

Kirtikant Sharma Collection, Najafgarh

CC-0. In Public Domain. Digitization by eGangotri

രാജീവോല്പലചമ്പകാദികുസുമൈഃ
കൃത്വാമഹീനശ്രിയം
മാലാം സൗരഭശോലിനീം ച കലയേ
മൂകതിസ്ഥലസ്ഥേ ശിവേ. 9

സാരം:—ഹേ മൂകതിസ്ഥലേശ്വരി, കൈകളുടെ മധ്യത്തിൽ (മാറിൽ) ധരിച്ചിരിക്കുന്ന രത്നഖചിതമായ സ്വർണ്ണമാലയെയും കേവലരത്നമാലയെയും കേവലസ്വർണ്ണമാലയെയും താമര മുതലായ സുഗന്ധപുഷ്പങ്ങളെക്കൊണ്ടു നിർമ്മിച്ചതും വാടാത്തതുമായ മാലയെയും ഞാൻ ധ്യാനിക്കുന്നു.

വൃത്തൗ കുങ്കുമരൂഷിതൗ നിരുപമൗ
പീനൗ സ്തനൗ സംഹതൗ
തുംഗൗ കോമളസൂക്ഷ്മപാടലപട—
പ്രച്ഛാദിതാവുജ്ജ്വലൗ
മധ്യം ചാപി കൃശം വലിത്രയയുതം
വക്ഷോജഭാരാനതം
തനവീം രോമലതാഞ്ച ദേവി കലയേ
മൂകതിസ്ഥലസ്ഥേ ശിവേ. 10

സാരം:—ഹേ ദേവി, മൂകതിസ്ഥലേശ്വരി, വട്ടത്തിലുള്ളതും കുങ്കുമം പൂശിയതും അതുല്യാതിശയവും തടിച്ചതും കൂട്ടിമുട്ടിയതും ഉയർന്നതും നേർത്ത നല്ല പട്ടുകൊണ്ടു മൂടിയതും ശോഭിക്കുന്നതുമായ കുചയുഗളത്തെയും ത്രിവലിയോടുകൂടിയതും കുചഭാരത്താൽ കുറച്ചു താണതും കൃശവുമായ മധ്യത്തെയും മൃദുവായ രോമാവലിയെയും ഞാൻ ധ്യാനിക്കുന്നു.

ആവർത്താഭമനന്തശോഭമമലം
നിർമ്മം ച നാഭീബിലം
കാഞ്ചീദാമനിബദ്ധരത്നവിലസൽ—
സിന്ദൂരവർണ്ണാംശുകം

Kirtikant Sharma Collection, Najafgarh